കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം


Vol No.35 No.08 August 2025 Rs.5.00

# WORLD HEART DAY
# 2025 September 29

പ്രശസ്ത ഹൃദ്രോഗ വിദഗ്ധൻ
ഡോ. ജോർജ് തയ്യിൽ എഴുതിയ ഗ്രന്ഥം
ഹൃദയദിനത്തിൽ
കൊച്ചി മേയർ
**അഡ്വ.എം. അനിൽകുമാർ**
പ്രകാശനം ചെയ്യുന്നു.

വേദി : ലൂർദ് ഹോസ്പിറ്റൽ ഓഡിറ്റോറിയം
എറണാകുളം സമയം : 11: am






❖ ഹാർട്ടറ്റാക്കിനെ പേടിക്കാതെ ജീവിക്കാൻ വേണ്ട എല്ലാ വിവരങ്ങളും ലളിതമായും സമഗ്രമായും ആധികാരികമായും വിശദീകരിക്കുന്നു.

❖ 2025 വരെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ പഠനങ്ങളും ക്രോഡീകരിച്ചെഴുതിയ ഗ്രന്ഥം.

❖ ചിത്രങ്ങളോടൊപ്പം 300–ൽപ്പരം പേജുകൾ

ഒരു
ഡി.സി. ബുക്സ്
പ്രസിദ്ധീകരണം





വിശിഷ്ടാതിഥികൾ :
രമേശ് പിഷാരടി
സിനി ആർട്ടിസ്റ്റ്
ഡോ. ജേക്കബ്ബ് എബ്രഹാം
IMA പ്രസിഡന്റ്




# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- സാമൂഹിക നീതിയാകണം ... 07
- സ്നേഹത്തിന്റെയും ... 17
- യേശു സ്നേഹത്തിന്റെ വഴി ... 24
- സ്നേഹം വെറുപ്പിനേക്കാൾ ... 27
- ധീര പ്രേഷിതർ ... 31
- ഓർമ്മ ആദരം ... 34
- വാർത്തയും ചിന്തയും ... 42



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*

- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* ◆ ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ

*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# നൂറു ദിനം കടന്നു; പക്വതയുടെ ദീപംകൊളുത്തി ലെയോ പാപ്പ

ലോകത്തിനു മുന്നിൽ വഴിയും സത്യവും ജീവനും അനാവരണം ചെയ്യാനുള്ള തിരുസഭയുടെ നിരന്തര ദൗത്യം, നിർമ്മിത ബുദ്ധിയുടെ സാർവത്രിക പ്രാഭാവത്തിൽ ഉയരുന്ന പുതിയ വെല്ലുവിളികൾക്കും നിർണ്ണായക സാധ്യതകൾക്കും അനുരോധമായി പുനർ നിർവചിക്കപ്പെടുന്ന വേളയാണിത്.

ഈ അതിസങ്കീർണ്ണ പ്രക്രിയയ്ക്കു നേതൃത്വം നൽകാനുള്ള ചരിത്ര നിയോഗമാണ് ലിയോ പതിനാലാമൻ മാർപാപ്പയിൽ നിക്ഷിപ്തമായിട്ടുള്ളത്.

ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് നായകനായി ലെയോ പതിനാലാമൻ പാപ്പ തെരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള നൂറു ദിനങ്ങൾ ഓഗസ്റ്റ് 16 നു പിന്നിട്ട വേളയിൽ പൊതുവേ ഉയർന്ന നിരീക്ഷണം ഇങ്ങനെ. വേദനാജനകമായ സാഹചര്യങ്ങളിൽ കഴിയുന്നവരുടെ സ്പന്ദനങ്ങളുമായി പൊരുത്തപ്പെ

ട്ടുന്ന ഒരു ജനകീയ മാർപ്പാപ്പയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ അടയാളപ്പെടുത്തി, വിവിധ മാധ്യമങ്ങൾ.
സാധാരണയായി ഒരു നേതാവിന്റെ ആദ്യ നൂറ് ദിവസങ്ങൾ കഴിഞ്ഞാൽ, ഭാവിയുടെ വഴികാട്ടിയായി ആ ഹ്രസ്വ കാലം വിലയിരുത്തപ്പെടും. എന്നാൽ ഇക്കുറി വളരെ കുറച്ചു കാര്യങ്ങളേ നടന്നിട്ടുള്ളൂ എന്നതിന്റെ പേരിൽ സൂചനകൾ പരിമിതമാണെന്ന നിരീക്ഷണങ്ങളും പുറത്തുവന്നിരുന്നു. അതേസമയം, സങ്കീർണ്ണ സാഹചര്യങ്ങളുടെ തിരതള്ളലിൽ സഭയെ ഒന്നിപ്പിക്കുകയാണ് തന്റെ പ്രധാന ചുമതലകളിൽ ഒന്ന് എന്ന ബോധ്യത്തോടെ ലെയോ പതിനാലാമൻ പാപ്പ വളരെ സൂക്ഷ്മമായി, ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചു മുന്നോട്ടു നീങ്ങുകയാണെന്ന വസ്തുത ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രത്യേകിച്ച്, ബെനഡിക്റ്റ് പതിനാറാമൻ പാപ്പയുടെയും ഫ്രാൻസിസ് പാപ്പയുടെയും ഇടയിൽ ഒരു സാങ്കൽപ്പിക പാലം പണിയുന്ന ദൗത്യം ഏറ്റെടുത്തിട്ടുണ്ടദ്ദേഹം. സഹാനുഭൂതി നിറഞ്ഞ പുഞ്ചിരിയുമായി യുവജനസംഗമത്തിൽ ലിയോ പതിനാലാമൻ മാർപാപ്പ ഏറെ തിളങ്ങി. ഒരാഴ്ചയ്ക്കുള്ളിൽ 146 രാജ്യങ്ങളിൽ നിന്നുള്ള യുവ തീർത്ഥാടകർ റോമിലേക്ക് ഒഴുകിയെത്തി. യുവാക്കളുടെ കൂടെ കുർബാനയിൽ പങ്കുചേർന്നും പാടിയും പ്രാർഥിച്ചും മാർപാപ്പ ശ്രദ്ധ നേടി. വത്തിക്കാൻ ജീവനക്കാർക്ക് പ്രയോജനം ചെയ്യുന്ന നിരവധി നടപടികൾക്ക് ലിയോ പതിനാലാമൻ മാർപാപ്പ അംഗീകാരം നൽകിയത് ഇതിനിടെ വാർത്തയായിരുന്നു. പിതൃത്വ അവധി വിപുലീകരിക്കൽ, വികലാംഗ കുട്ടികളുള്ള മാതാപിതാക്കളുടെ അവകാശങ്ങൾ, കുടുംബ സബ്സിഡികൾ അനുവദിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മുൻഗാമിയെക്കാൾ കൂടുതൽ നിശ്ശബ്ദനാണ് ലെയോ പതിനാലാമൻ മാർപാപ്പയെന്നാണ് ഒരു നിരീക്ഷണം.അതേസമയം, പരമ്പരാഗത പക്ഷക്കാരും പുരോഗമനവാദികളും ഒരുപോലെ ആശങ്കപ്പെടുന്ന വിഷയം സിനഡൽ പ്രക്രിയയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങളാണ്. ഒരു വശത്ത്, പാപ്പാ സിനഡാലിറ്റിയെപ്പറ്റി ആവേശത്തോടെ സംസാരിച്ചു. പക്ഷേ അത് എങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടുന്നത് എന്നതനുസരിച്ച് അതിന്റെ അർത്ഥതലങ്ങളിൽ മാറ്റത്തിനു സാധ്യതകളേറെ. ചില കാര്യങ്ങൾ സുവ്യക്തമല്ലെന്ന കാഴ്ചപ്പാട് പങ്കു വയ്ക്കുന്നവരിൽ പരമ്പരാഗത പക്ഷക്കാരും പുരോഗമനവാദികളും ഉൾപ്പെടുന്നു. മറുവശത്ത്, ഫ്രാൻസിസ് പാപ്പായുടെ കീഴിൽ ജൂണിൽ റിപ്പോർട്ട് ചെയ്യേണ്ടിയിരുന്ന പഠന ഗ്രൂപ്പുകളുടെ പ്രഖ്യാപനം മാറ്റിവയ്ക്കപ്പെട്ടു. പുതുക്കിയ തീയതിയും പ്രഖ്യാപിച്ചിട്ടില്ല.



ഫ്രാൻസിസ് പാപ്പാ 'വലത്തോട്ട് സിഗ്നൽ കൊടുത്ത് ഇടത്തോട്ട് തിരിഞ്ഞു' എന്ന പരിഹാസം ചില കോണുകളിൽ നിന്ന് ഉയർന്നിരുന്നു. അതേസമയം, സഭയുടെ അന്തസ്സും ഗൗരവവും പുനഃസ്ഥാപിക്കാനുള്ള ലെയോ മാർപാപ്പയുടെ ആഗ്രഹം വസ്ത്രധാരണത്തിലൂടെയും ലത്തീൻ ഭാഷയുടെ ഉപയോഗത്തിലൂടെയും ഗാനശൈലിയിലൂടെയും ഭാഷാശൈലിയിലൂടെയും വ്യക്തമാകുന്നതായി നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ അദ്ദേഹത്തിന്റെ കർമ്മപാതയും ദൃശ്യപരമായ പരമ്പരാഗത രൂപഭാവങ്ങളും തമ്മിൽ എത്രത്തോളം സമന്വയിക്കുമെന്ന ചോദ്യം ഉയരുന്നുണ്ട്. കാലം അതിനുള്ള ഉത്തരമേകും. വളരെ സൂക്ഷ്മതയോടെ ചുവടുകൾ വച്ചു നീങ്ങുന്ന പുതിയ പാപ്പായെക്കുറിച്ച് പ്രവചനത്തിനു സമയം കളയാതെ പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് മുന്നേറാം. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# 36th KCBC
## ALL KERALA PROFESSIONAL DRAMA FESTIVAL
## P.O.C KOCHI

2025, SEPTEMBER 19 - 28

**SEPTEMBER 19**

5 : 30 PM : **ഉദ്ഘാടനം**

6: 00 PM : **നാടകം**

**‘വാർത്ത’**

അമ്പലപ്പുഴ അക്ഷരജ്വാല

**SEPTEMBER 20**

6: 00 PM : **നാടകം**

**‘സുകുമാരി ’**

തിരുവനന്തപുരം നവോദയ

**SEPTEMBER 21**

6: 00 PM : **നാടകം**

**‘കാലം പറക്ക്ണ് ’**

കോഴിക്കോട് സങ്കീർത്തന

**SEPTEMBER 22**

6: 00 PM : **നാടകം**

**‘ആകാശത്തൊരു കടൽ ’**

കൊല്ലം അനശ്വര

**SEPTEMBER 23**

6: 00 PM : **നാടകം**

**‘സൈറൺ’**

തൃശൂർ സദ്ഗമയ

**SEPTEMBER 24**

6: 00 PM : **നാടകം**

**‘ഭഗത് സിംഗ് ’**

തിരുവനന്തപുരം അമ്മ തിയേറ്റർ

**SEPTEMBER 25**

6: 00 PM : **നാടകം**

**‘നിറം ’**

തിരുവനന്തപുരം നടനകല

**SEPTEMBER 26**

6: 00 PM : **നാടകം**

**‘ഒറ്റ ’**

കഞ്ഞിരിപ്പിള്ളി അമല

**SEPTEMBER 27**

6: 00 PM : **നാടകം**

**‘പകലിൽ മറഞ്ഞിരുന്നൊരാൾ ’**

വള്ളുവനാട് ബ്രഹ്മ

**SEPTEMBER 28**

5 : 30 PM : **സമ്മാനദാനം**

6: 00 PM : **പ്രദർശന നാടകം**

**‘ ലക്ഷ്മണരേഖ ’**

തിരുവനന്തപുരം സംഘകേളി

KCBC MEDIA COMMISSION
PH : 8281054656



SPECIAL REPORT

# സാമൂഹിക നീതിയാകണം

## സുവിശേഷ പ്രഘോഷണത്തിന്റെ ലക്ഷ്യം: ലെയോ മാർപാപ്പ

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** അനീതിയുടെയും അവഗണനയുടെയും ഇരുൾ പടർന്ന ജീവിത വഴികളിൽ വെളിച്ചം വിതറുന്ന സുപ്രധാന സുവിശേഷ പ്രഘോഷണ ദൗത്യമാണ് സഭ നിർവഹിക്കുന്നതെന്ന് ലെയോ പതിനാലാമൻ മാർപ്പാപ്പ. ആലംബഹീനർക്ക് മൂർത്തമായ സഹായമുറപ്പാക്കുന്ന കത്തോലിക്കാ വിശ്വാസം ജീവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിനുള്ള പ്രചോദനം 'സുവിശേഷത്തിന്റെ ഹൃദയത്തിൽ നിന്ന് വരണം': തന്റെ പ്രേഷിതപ്രവർത്തന വേദിയായിരുന്ന തെക്കെ അമേരിക്കൻ രാജ്യമായ പെറുവിലെ സഭ ആചരിച്ച സാമൂഹ്യവാരത്തിനു നൽകിയ സന്ദേശത്തിലാണ്, സഭയുടെ സാമൂഹ്യപ്രബോധനത്തിന്റെ കാതലായിരിക്കേണ്ട ഈ മാനം പാപ്പാ ചൂണ്ടിക്കാട്ടിയത്. 'നമ്മുടെ നിരവധി സഹോദരീസഹോദരന്മാർ അനുഭവിക്കുന്ന അനീതിയുടെയും ഒഴിവാക്കലിന്റെയും വേദന, സ്നാനമേറ്റ നമ്മളെല്ലാവരെയും പ്രതികരിക്കാൻ പ്രേരിപ്പിക്കണം' ലിമയിൽ സോഷ്യൽ വീക്ക് പരിപാടികളിൽ പങ്കെടുക്കുന്നവരെ പാപ്പാ ഓർമ്മിപ്പിച്ചു. ചുറ്റുമുള്ള ദാരിദ്ര്യത്തിനും അനീതിക്കും നേരെയുള്ള കത്തോലിക്കരുടെ പ്രതികരണം 'സുവിശേഷത്തിന്റെ ഹൃദയത്തിൽ നിന്ന് വരുന്നതാകണം, കാലത്തിന്റെ അടയാളങ്ങളുമായി പൊരുത്തപ്പെടുകയും വേണം. ലോകത്തിന് വിശുദ്ധരുടെ സാക്ഷ്യം ആവശ്യമാണ്. അതായത്, മുന്തിരിവള്ളിയുടെ ശാഖകൾ പോലെ കർത്താവിനോട് ഐക്യപ്പെട്ടിരിക്കുന്ന ആളുകളെ.'

# അക്ഷരശുശ്രൂഷയുടെ അണയാത്ത ഓർമകൾക്ക് ഒരാണ്ട്



## In Loving Memory of
## Msgr. Rev. Dr. George Kurukkoor

Date: 13th September 2025

Time: 11:00 AM

Venue: St.George Church, Marady (Muvattupuzha)

## ദൈവത്തതിന്റെ വിളി

ദരിദ്രർക്കായുള്ള തീവ്രമായ പ്രാർത്ഥനയുടെയും നിസ്വാർത്ഥ സേവനത്തിന്റെയും സംയോജനം പെറുവിൽ കാണപ്പെടുന്ന 'സാന്ദ്ര വിശുദ്ധിയുടെ ' ഭാഗമാണെന്ന് ലിയോ പതിനാലാമൻ മാർപ്പാപ്പ അഭിപ്രായപ്പെട്ടു. ലിമയിലെ സെന്റ് റോസ്, മാർട്ടിൻ ഡി പോറസ്, ജോൺ മസിയാസ്, മൊഗ്രോവേജോയിലെ ടോറിബിയോ എന്നിവരുൾപ്പെടെയുള്ള രാജ്യത്തെ വിശുദ്ധരിൽ പ്രത്യേകമായി ഇത് ദീപ്തമാകുന്നു. വിശുദ്ധർ 'ദൈവത്തിന്റെ ഒരു വിളിയിൽ നിന്നാണ് ജനിക്കുന്നത്". അവർ ഒരു പ്രത്യേകമായ ഭൂതകാലത്തിൽ നിന്നുള്ള അലങ്കാരങ്ങളല്ല.അവരെപ്പോലെ 'സഭയുടെ എല്ലാ സാമൂഹിക പ്രവർത്തനങ്ങളും അതിന്റെ കേന്ദ്രവും ലക്ഷ്യവുമായി ക്രിസ്തുവിന്റെ സുവിശേഷം പ്രഖ്യാപിക്കുക എന്നതായിരിക്കണം എല്ലാ കത്തോലിക്കരുടെയും ദൗത്യം. അതിനാൽ, അടിയന്തിരമായത് അവഗണിക്കാതെ, നമ്മുടെ സേവനത്തിന്റെ യഥാർത്ഥവും ആത്യന്തികവുമായ ദിശയെക്കുറിച്ച് എല്ലായ്പ്പോഴും വ്യക്തമായ ബോധം നിലനിർത്താൻ കഴിയണം.'നാം ക്രിസ്തുവിനെ പൂർണ്ണമായി നൽകുന്നില്ലെങ്കിൽ, നമ്മൾ എല്ലായ്പ്പോഴും വളരെ കുറച്ച് മാത്രമേ നൽകുന്നുള്ളൂ.'ജോൺ മാസിയാസിന്റെ വിശുദ്ധ പദവി പ്രഖ്യാപന വേളയിൽ വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പ പറഞ്ഞത് ലെയോ മാർപ്പാപ്പ ഉദ്ധരിച്ചു: 'വിശുദ്ധൻ മനുഷ്യരെ സ്നേഹിച്ചത് അവരിൽ ദൈവത്തിന്റെ പ്രതിച്ഛായ തിരിച്ചറിഞ്ഞതാണ്.' വിശുദ്ധ പൗലോസ് ഇങ്ങനെ മുന്നറിയിപ്പ് നൽകി: 'ഒരാൾ സുവിശേഷത്തിൽ നിന്ന് വ്യതിചലിക്കരുത്, അക്രമത്തിന്റെ പാതകളിലൂടെ കൂടുതൽ നീതി തേടാൻ പരസ്നേഹ നിയമം ലംഘിക്കുകയുമരുത്. ആളുകളെ ആന്തരികമായി പരിവർത്തനം ചെയ്ത്, ആവശ്യമായ ഘടനകളെ മാറ്റാൻ അവരെ പ്രേരിപ്പിക്കുന്ന നവീകരണ ശക്തികളെ സൃഷ്ടിക്കുവാൻ സുവിശേഷത്തിന് മതിയായ ശക്തിയുണ്ട്. 'ഏവരേയും കൂടുതൽ നീതിമാനും കൂടുതൽ മനുഷ്യനുമാക്കാൻ' സുവിശേഷത്തിന് കഴിയും. ഭൗതിക അപ്പം നൽകാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്ന 'അതേ സ്നേഹം', 'വചനത്തിന്റെ അപ്പം' നൽകാനും അവരെ പ്രേരിപ്പിക്കുന്നു. അത് സ്വന്തം ചലനാത്മകതയാൽ, 'സ്വർഗ്ഗത്തിന്റെ അപ്പം' എന്ന വിശപ്പ് ഉണർത്തണം. ക്രിസ്തുവിന്റെ കൽപ്പനയും ഇച്ഛയും അനുസരിച്ച് സഭയ്ക്ക് മാത്രം നൽകാൻ കഴിയുന്നതാണത്. എത്ര സദുദ്ദേശ്യത്തോടെയാണെങ്കിലും ഒരു മനുഷ്യ സ്ഥാപനത്തിനും അത് മാറ്റിസ്ഥാപിക്കാൻ കഴിയില്ല.'പാപ്പായുടെ സന്ദേശത്തിൽ പറയുന്നു.

## 'മൃദു നയതന്ത്രം'

പ്രശ്നങ്ങൾക്ക പരിഹാരമുണ്ടാക്കാൻ യുദ്ധത്തിനാകില്ലെന്ന ബോധ്യത്തോടെ, സംഭാഷണം വഴി അഹിംസ സാധ്യമാക്കി പരിഹാരങ്ങൾ കണ്ടെത്താൻ എപ്പോഴും ക്ഷണിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു 'മൃദു നയതന്ത്ര'ത്തിനാണ് പരിശുദ്ധ സിംഹാസനം ഊന്നൽ നൽകുന്നതെന്നു ലിയോ പതിനാലാമൻ മാർപാപ്പ. വത്തിക്കാനിൽ നിന്നു 30 കിലോമീറ്ററിലേറെ തെക്കുകിഴക്കുമാറി റോമിനു പുറത്തായി അൽബാനി കുന്നുകളിൽ സ്ഥിതിചെയ്യുന്ന അരമനയിൽ ഏതാനും ദിവസത്തെ വിശ്രമത്തിനായെത്തിയ പാപ്പാ അവിടെ കാത്തു നിന്നിരുന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടി നല്കവേയാണ് മൃദു നയതന്ത്രത്തിന്റെ സാംഗത്യം എടുത്തുകാട്ടിയത്..

## യുദ്ധം , സമാധാനം ....

സംഘർഷവിരാമത്തിനായി പരിശുദ്ധസിംഹാസനം എന്തുചെയ്യുന്നു എന്നായിരുന്നു പാപ്പായോട് ഉന്നയിക്കപ്പെട്ട പ്രധാന ചോദ്യം. സദാ തേടേണ്ടത് വെടിനിറുത്തലാണെന്നും അക്രമത്തിനും മരണത്തിനും വിരാമമിടണമെന്നും പാപ്പാ പറഞ്ഞു. ഗാസയിലെ ജനങ്ങളെക്കുറിച്ചുയർന്ന ചോദ്യത്തിന് പാപ്പാ അവിടെ മാനവിക പ്രതിസന്ധിക്ക് അറു

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

**ക്ലോഡിന്റെ ജീവിതലക്ഷ്യം**

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

തിവരുത്തേണ്ടതിന്റെ അടിയന്തിര പ്രാധാന്യം ചൂണ്ടിക്കാട്ടി. ഭീകരപ്രവർത്തനത്തിന്റെ ഫലമായ അക്രമങ്ങളെക്കുറിച്ചും ജീവൻ നഷ്ടപ്പെട്ടവരെക്കുറിച്ചും തടവിലാക്കപ്പെട്ടിരിക്കുന്നവരെക്കുറിച്ചും പാപ്പാ പരാമർശിച്ചു. ബന്ദികൾ മോചിപ്പിക്കപ്പടണം.ഗാസയിൽ പട്ടിണി മൂലം മരണമടയുന്നവരെ പാപ്പാ പ്രത്യേകം അനുസ്മരിച്ചു. സ്വർഗ്ഗാരോപിത നാഥയുടെ തിരുന്നാൾ ദിനത്തിൽ കാസ്റ്റൽ ഗന്തോൾഫൊയിലെ വേനൽക്കാല അരമനയുടെ അങ്കണത്തിൽ സമ്മേളിച്ചിരുന്ന വിശ്വാസികളുമൊത്ത് മദ്ധ്യാഹ്ന പ്രാർത്ഥന ചൊല്ലിയ പാപ്പാ ആശീർവ്വാദാനന്തരം അവരെ അഭിവാദ്യം ചെയ്യവേ യുദ്ധ ദുരന്തത്തെക്കുറിച്ച് സംസാരിച്ചു.തനയരുടെ ക്ലേശങ്ങളിൽ വേദനിക്കുന്ന അമ്മയായ പരിശുദ്ധ കന്യകാമറിയത്തോടു സമാധാനത്തിനായി പ്രാർത്ഥിക്കാൻ പാപ്പാ എല്ലാവരെയും ക്ഷണിച്ചു.പരിശുദ്ധ മറിയത്തിന്റെ മഹത്തായ മാതൃകകളെക്കുറിച്ച് ധ്യാനിക്കുന്ന എല്ലാവർക്കും മനുഷ്യജീവന്റെ മൂല്യത്തെക്കുറിച്ച് കൂടുതൽ ബോധ്യപ്പെടുമെന്ന പന്ത്രണ്ടാം പീയൂസ് പാപ്പായുടെ വാക്കുകൾ പാപ്പാ അനുസ്മരിച്ചു.' മനുഷ്യജീവനുകളെ കൂട്ടക്കുരുതി കഴിക്കുന്ന യുദ്ധങ്ങൾ ഇനിയൊരിക്കലും ഉണ്ടാകാതിരിക്കട്ടെ'. പന്ത്രണ്ടാം പീയൂസ് പാപ്പായുടെ വാക്കുകൾ എത്രയോ കാലോചിതമാണെന്നും നിർഭാഗ്യവശാൽ, ഇന്നും ലോകമെമ്പാടും പടരുന്ന അക്രമത്തിനു മുന്നിൽ നാം നിസ്സഹായരായി നിന്നുപോകുന്നുവെന്നും ഈ അതിക്രമങ്ങൾ നരകുലത്തിന്റെ എല്ലാ നീക്കങ്ങൾക്കും മുന്നിൽ ബധിരത കാട്ടുകയും നിർവ്വികാരത പുലർത്തുകയും ചെയ്യുന്നുവെന്നും ലെയോ പതിനാലാമൻ മാർപാപ്പ പറഞ്ഞു. 'എന്നിരുന്നാലും നാം പ്രതീക്ഷ കൈവിടരുത്. ' മനുഷ്യന്റെ പാപങ്ങളുടെ മേൽ രോഷം കൊള്ളുന്നില്ല ദൈവം എന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. സംഘർഷത്തിന്റെയും ആയുധങ്ങളുടെയും യുക്തി പ്രബലപ്പെടുന്നതിന് നാം അനുവദിച്ചുകൊടുക്കരുത്. കരുണയുള്ള കർത്താവ് സ്വന്തം മക്കളെ തുടർന്നും സഹായിക്കുന്നുവെന്ന വിശ്വാസം പുലർത്തണം. അതിലൂടെ മാത്രമേ സമാധാനത്തിലേക്കുള്ള പാത വീണ്ടും കണ്ടെത്താൻ സാധിക്കൂ.

**കൂട്ടായ്മയുടെ മാധുര്യം**

ഓഗസ്റ്റ് പതിനേഴിന് അൽബാനോ രൂപതയുടെയും, കാരിത്താസ് സംഘടനയുടെയും നേതൃത്വത്തിൽ, സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്ക് വേണ്ടി, സാന്താ മരിയ ദെല്ല രൊത്തൊന്ദ തീർത്ഥടന ദേവാലയത്തിൽ നടത്തിയ വിശുദ്ധ കുർബാനയ്ക്ക്ലിയോ പതിനാലാമൻ പാപ്പാ മുഖ്യകാർമ്മികത്വം വഹിച്ചു. വിശുദ്ധ കുർബാന ആഘോഷം കൂട്ടായ്മയുടെ മധുരം ആസ്വദിക്കുവാൻ സഹായിക്കുന്നുവെന്നു പറഞ്ഞുകൊണ്ട്, പാപ്പാ വചന സന്ദേശം നൽകി.'യഥാർത്ഥ സഹോദരീ സഹോദരങ്ങളെന്ന നിലയിൽ അന്യോന്യം കണ്ണുകളിലേക്ക് നോക്കി പരസ്പരമുള്ള അകലം മറികടക്കുവാൻ ഈ നിമിഷങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നു. ഇത് മരണത്തെ പോലും തോല്പിക്കുവാൻ യേശു നൽകുന്ന ദാനമാണ്.' യേശുവിനോടൊപ്പം മരണത്തെ തോൽപ്പിച്ചുകൊണ്ട്, ഉത്ഥാനത്തിൽ ജീവിക്കുന്നതിനു നൽകപ്പെട്ട ദിനമാണ് ഞായറാഴ്ച. ദേവാലയത്തിലേക്ക് കടന്നുവന്ന് ദൈവവചനം ശ്രവിക്കുന്നതിലൂടെയും, കർത്തൃ ശരീരം ഭക്ഷിക്കുന്നതിലൂടെയും നമ്മിലുള്ള ആകുലതകളെയും ക്ഷീണത്തെയും ഭയത്തെയും മാറ്റുവാൻ സാധിക്കും. നമ്മുടെ ഏകാന്തതയെ കർത്താവ് എടുത്തു കളയുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി. ഓരോ ഞായറാഴ്ച ആചരണത്തിലും പരിശുദ്ധാത്മാവ് ഈ നവമായ ജീവനാണ് നമ്മിൽ നിക്ഷേപിക്കുന്നത്.

**പത്രോസിന്റെ ചത്വരം പോലെ**

തുടർന്ന് സാന്താ മരിയ ദെല്ല രൊത്തൊന്ദ തീർത്ഥാടന ദേവാലയത്തിന്റെ പ്രത്യേകതയും പാപ്പാ ചൂണ്ടിക്കാട്ടി. വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരം പോലെ ഏവരെയും ദൈവത്തിന്റെ ആലിംഗനം അനുഭവവേദ്യമാക്കുന്നതാണ് ഈ ദേവാലയവും. പുറമേ, മറ്റെല്ലാ മാനുഷിക യാഥാർത്ഥ്യങ്ങളെയും പോലെ ദേവാലയവും പരുപരു

# ദൈവദാസൻ
# മാർ മാത്യു മാക്കീൽ
# ധന്യപദവിയിൽ



SERVANT OF GOD MATHEW MAKIL
(1851-1914)

❖2025 മെയ് 22 ന്
ലെയോ പതിനാലാമൻ മാർപാപ്പ
ദൈവദാസനായ
മാർ മാത്യു മാക്കീൽ പിതാവിനെ ധന്യപദവിയിലേക്ക് ഉയർത്തി.
❖ 1887ൽ സ്ഥാപിതമായ കോട്ടയം വികാരിയാത്തിൽ 1889 മുതൽ തെക്കും ഭാഗക്കാർക്കായി നൽകപ്പെട്ട കോട്ടയം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്ക. ❖ 1889 ൽ തെക്കും ഭാഗരുടെ വികാരി ജനറൽ

❖1892ൽ വിസിറ്റേഷൻ സന്യാസിനീ സമൂഹം സ്ഥാപിച്ചു.
❖ 1896 ൽ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക. ❖ 1903ൽ ദക്രേത്ത് എന്ന കൃതി രചിച്ചു. ❖ 1909ൽ ക്രിസ്തീയ വേദോപദേശക സംക്ഷേപം എഴുതി പ്രസിദ്ധീകരിച്ചു. ❖ 2009 ജനുവരി 26ന് ദൈവദാസ പദവിയിൽ
❖ മാക്കീൽ പിതാവിന്റേതായുള്ള 41 ഇടയലേഖനങ്ങൾ ഇന്നും ഏറെ പ്രസക്തം. ❖ 'ദൈവമാകുന്ന എന്റെ പ്രത്യാശ' എന്നതായിരുന്നു മാക്കീൽ പിതാവിന്റെ ആപ്തവാക്യം. അതാകട്ടെ പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന ആ ധന്യപിതാവിന്റെ ജീവിത മുദ്രാവാക്യമായി പരിണമിക്കുകയും ചെയ്തു.



പ്രാർത്ഥനയോടെ :

SISTERS OF THE VISITATION OF
THE BLESSED VIRGIN MARY (SVM)
ARCHEPARCHY OF KOTTAYAM

ത്തതായി തോന്നാമെങ്കിലും, പടിവാതിൽക്കൽ കടന്ന് സ്വീകാര്യത കണ്ടെത്തുമ്പോൾ, ദൈവത്തിന്റെ മധുരതരമായ ഹൃദ്യതയിൽ നാം സ്വാഗതം ചെയ്യപ്പെടുന്നു. യേശുവിന്റെ അമ്മയായ മറിയം നമുക്ക് ദൈവത്തിന്റെ മാതൃത്വത്തിന്റെ അടയാളവും പ്രതീക്ഷയുമാണ്. അവളിൽ നാം ഒരു മാതൃസഭയായി മാറുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു. തുടർന്ന്, വായിച്ചുകേട്ട സുവിശേഷ ഭാഗത്തിന്റെ അർത്ഥവും പാപ്പാ വ്യാഖ്യാനിച്ചു. ലോകത്തിൽ വിഭജനകളുടെ വേലിയേറ്റത്തിൽ, വീണ്ടും സുവിശേഷത്തിൽ കേട്ടതുപോലെ, യേശു വിഭജനം നടത്തുവാൻ വേണ്ടിയാണോ, ലോകത്തിലേക്ക് വന്നതെന്ന ചോദ്യമുന്നയിച്ചുകൊണ്ട്, വിശ്വാസികളെ, വചനത്തിന്റെ ആഴത്തിലേക്ക് പാപ്പാ നയിച്ചു. യേശു ഈ വചനം പങ്കുവയ്ക്കുന്നതിലൂടെ, തന്റെ സമാധാനത്തിന്റെ വ്യതിരിക്തതയാണ് വെളിപ്പെടുത്തുന്നത്. ആ സമാധാനം ലോകം നൽകുന്ന സുഖലോലുപതയോ, ആലസ്യത്തിന്റെ മന്ദഭാവമോ അല്ലെന്നും, മറിച്ച് അത് യഥാർത്ഥ സമാധാനവും, നന്മയും ആണെന്നും പാപ്പാ പറഞ്ഞു. എന്നാൽ ലോകത്തിന്റെ സുഖം തേടുവാൻ പ്രേരിപ്പിക്കുന്നവരിൽ നിന്നും വിട്ടു നിൽക്കണമെന്നുള്ള മുന്നറിയിപ്പാണ് ഭിന്നത കൊണ്ട് യേശു വ്യക്തമാക്കുന്നത്. കുരിശിന്റെ സ്ഥാനം സ്വീകരിക്കുന്ന നാമെല്ലാവരും, ക്രിസ്തുവിൽ ഐക്യപ്പെട്ടവരാണെന്നും, വിശുദ്ധ കുർബാന ഈ ജീവിതത്തിനു പോഷണമെന്നും പാപ്പാ ഓർമ്മപ്പെടുത്തി. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നതിലാണ് സംതൃപ്തി കണ്ടെത്തേണ്ടത്. നിസ്സംഗതയും അഹങ്കാരവും ഒഴിവാക്കിക്കൊണ്ട് എളിമയുടെയും സേവനത്തിന്റെയും ജീവിത മാതൃക പിന്തുടരുവാൻ പാപ്പാ ഏവരെയും ക്ഷണിച്ചു. നാം കർത്താവിന്റെ സഭയാണ്, ദരിദ്രരുടെ സഭയാണ്. അതിനാൽ ആർക്കുമിടയിൽ വേർതിരിവുകൾ അരുത്. സഹായം സ്വീകരിക്കുന്നവരും കൊടുക്കുന്നവരും, ദൈവത്തിന്റെ ഒരൊറ്റ വചനം വഹിക്കുന്നവരാണെന്നുള്ള ബോധ്യത്തിൽ ജീവിക്കണം. ഏറ്റവും ദുർബലരായവർ പോലും പൂർണ്ണ അന്തസ്സോടെ പങ്കെടുക്കുന്ന ഒരൊറ്റ ശരീരമായി മാറുന്നതിലൂടെ മാത്രമേ നാം ക്രിസ്തുവിന്റെ ശരീരം, ദൈവത്തിന്റെ സഭയായി നമുക്ക് മാറുവാൻ സാധിക്കുകയുള്ളൂവെന്നും പാപ്പാ എടുത്തുപറഞ്ഞു.

**<u>സത്യത്തോട് വിശ്വസ്തത</u>**

ക്രൈസ്തവർ സ്നേഹത്തിൽ സത്യത്തോട് വിശ്വസ്തത പുലർത്തുന്നവരാകണ'മെന്ന് മധ്യാഹ്ന പ്രാർത്ഥനാ വേളയിലെ സന്ദേശത്തിൽ ഉദ്ബോധിപ്പിച്ചുകൊണ്ട് ലെയോ പതിനാലാമൻ പാപ്പാ പറഞ്ഞു: വൈരുധ്യങ്ങളുടെ അടയാളങ്ങൾ എടുത്തുകാണിച്ചുകൊണ്ട് ശക്തമായ ബിംബങ്ങളോടെയും തുറന്നുപറച്ചിലുകളോടെയുമാണ് സുവിശേഷഭാഗം നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ശിഷ്യന്മാരുടെ പ്രേഷിതരംഗം എപ്പോഴും കുസുമങ്ങളുടെയും പനിനീർപ്പൂക്കളുടെയും സൗന്ദര്യം പകരുന്നതല്ല. ഇങ്ങനെ പറയുന്നതിലൂടെ ജറുസലേമിൽ താൻ അനുഭവിക്കുവാൻ പോകുന്ന എതിർപ്പിന്റെയും അപമാനത്തിന്റെയു, ബന്ധനത്തിന്റെയും പീഡകളുടെയും കുരിശുമരണത്തിന്റയും യാഥാർഥ്യം യേശു തുറന്നു പറയുകയായിരുന്നു. സ്നേഹത്തെക്കുറിച്ചും നീതിയെക്കുറിച്ചും സംസാരിക്കുമ്പോഴും അവന്റെ സന്ദേശം തിരസ്കരിക്കപ്പെട്ടു. അവന്റെ പ്രസംഗങ്ങളെ ജനനേതാക്കൾ ക്രൂരമായി എതിർത്തു. സുവിശേഷകനായ ലൂക്കാ തന്റെ രചനകളിലൂടെ അഭിസംബോധന ചെയ്ത പല ക്രൈസ്തവ സമൂഹങ്ങളും ഇതേ തിരസ്കരണ അനുഭവത്തിലൂടെ തന്നെയാണ് കടന്നുപോയത്. അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിക്കുന്നതുപോലെ, പരിമിതികൾക്കിടയിലും, തങ്ങളുടെ ഗുരുനാഥന്റെ കാരുണ്യ സന്ദേശം കഴിവിന്റെ പരമാവധി ജീവിക്കാൻ ശ്രമിച്ച സമാധാനപരമായ സമൂഹങ്ങളായിരുന്നു അവരുടേത്. എന്നിട്ടും അവർ പീഡനം സഹിച്ചു. ഇതെല്ലാം നമ്മെ ഓർമിപ്പിക്കുന്നത് നന്മ എല്ലായ്പ്പോഴും അതിന് ചുറ്റും ഒരു നല്ല പ്രതികരണം കണ്ടെത്തുന്നില്ല എന്നാണ്. വാസ്തവത്തിൽ, ചിലപ്പോൾ അതിന്റെ സൗന്ദര്യം അതിനെ സ്വാഗതം ചെയ്യാത്തവരെ അലോസരപ്പെടുത്തു

# മദർ ഏലീശ്വ സിമ്പോസിയം

**2025 സെപ്റ്റംബർ 21**
**സെന്റ്. ജോസഫ്സ് കോൺവെന്റ്,**
**വരാപ്പുഴ**



ധന്യ മദർ ഏലീശ്വാ
(1831–1913)

പ്രാർത്ഥന : (2.30 pm)

സ്വാഗതം : **സിസ്റ്റർ ഡോ. ജിയോ മേരി സി.റ്റി.സി**

അദ്ധ്യക്ഷ പ്രസംഗം : **റവ. മദർ ഷഹീല സി.റ്റി.സി.**
*സുപ്പീരിയർ ജനറൽ*

അനുഗ്രഹപ്രഭാഷണം : **റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി**
*പ്രൊവിൻഷ്യൽ, മഞ്ഞുമ്മൽ പ്രൊവിൻസ്*

ഉദ്ഘാടനം : **ഡോ. ചാൾസ് ഡയസ്**
***(മുൻ ലോകസഭാംഗം)***
*പ്രസിഡന്റ്, കേരള ലാറ്റിൻ കാത്തലിക് ഹിസ്റ്ററി അസോസിയേഷൻ, വൈസ് പ്രസിഡന്റ് കേരള ഹിസ്റ്ററി അസോസിയേഷൻ, വൈസ് പ്രസിഡന്റ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ, ഇന്ത്യ.*

## പ്രബന്ധവും അവതാരകരും

**'സ്ത്രീ, പത്തൊൻപതാം നൂറ്റാണ്ടിലെ സാംസ്കാരിക സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ'**
**ഡോ. ജെ. ദേവിക**
*പ്രൊഫസർ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം, ചരിത്രകാരി*
(3.00 pm - 3.40 pm)

**'സ്ത്രീ വിദ്യാഭ്യാസം 19–ാം നൂറ്റാണ്ടിൽ'**
**ഡോ. വിനിൽ പോൾ**
*അസിസ്റ്റന്റ് പ്രൊഫസർ എഴുത്തുകാരൻ*
(3.45 pm - 4.25 pm)

**'സ്ത്രീ സന്ന്യാസം ഭാരതത്തിൽ'**
**ഡോ. ബെന്നി ചിറമ്മേൽ എസ്.ജെ**
*ഡിറക്റ്റർ, കോട്ടപ്പുറം. എഡ്യൂക്കേഷൻ കമ്മീഷൻ*
(4.35 pm - 5.15 pm)

**'ധന്യ മദർ ഏലീശ്വ : ചരിത്രം രചിച്ച സന്ന്യാസിനി'**
**സിസ്റ്റർ ഡോ. സൂസി കിണറ്റിങ്കൽ സി.റ്റി.സി**
(5.20 pm - 6.00 pm)

സമീകരണം : **പ്രൊഫ. ജെക്കോബി ജോർജ്**
*ചീഫ് എഡിറ്റർ, ജീവനാദം.*
(6.05 pm - 6.25 pm)

കൃതജ്ഞത : **സിസ്റ്റർ ഡോ. ശാലിനി സി.റ്റി.സി.**

ന്നതിനാൽ അത് നടപ്പിലാക്കുന്നവർ കടുത്ത എതിർപ്പ് നേരിടുന്നു. ഭീഷണികളും അധി ക്ഷേപങ്ങളും നേരിടേണ്ടതായി വരികയും ചെയ്യുന്നു. സത്യം പ്രാവർത്തികമാക്കുന്നതിനു വലിയ വില നൽകേണ്ടതായി വരും. ഇന്ന് ലോകത്ത് അസത്യം തിരഞ്ഞെടുക്കുന്നവർ ധാരാളമായി ഉണ്ട്. കാരണം നന്മ ചെയ്യുന്നത് തടസപ്പെടുത്തുവാൻ പിശാച് അവരെ പ്രേരിപ്പിക്കുന്നു. യേശു തന്റെ സഹായം നൽകിക്കൊണ്ട് നമ്മെ ക്ഷണിക്കുന്നത് ഈ മനോഭാവവുമായി പൊരുത്തപ്പെടാതിരിക്കുവാനും നമ്മുടെ സ്വന്തം നന്മയ്ക്കും എല്ലാവ രുടെയും നന്മയ്ക്കും വേണ്ടി നമ്മെ കഷ്ടപ്പെടുത്തുന്നവരുടെ പോലും നന്മയ്ക്കായി തുടർന്നും പ്രവർത്തിക്കാനുമാണ്. പ്രബലരോട് പ്രതികാരത്തോടെ പ്രതികരിക്കാനല്ല മറിച്ച് സ്നേ ഹത്തിൽ സത്യത്തോട് വിശ്വസ്തത പുലർത്താനാണ് അവൻ നമ്മെ ക്ഷണിക്കുന്നത്.

രക്തസാക്ഷികൾ വിശ്വാസത്തിനുവേണ്ടി നിണമൊഴുക്കി ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു, പക്ഷേ നമുക്കും വ്യത്യസ്ത സാഹചര്യങ്ങളിലും വ്യത്യസ്ത രീതികളിലും അവരെ അനുകരിക്കാൻ കഴിയും. ഉദാഹരണത്തിന്, നല്ല മാതാപിതാക്കൾ തങ്ങളു ടെ കുട്ടികളെ നല്ല തത്ത്വങ്ങൾക്കനുസൃതമായി നന്നായി പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു വെങ്കിൽ നൽകേണ്ട വിലയെക്കുറിച്ച് നമുക്ക് ചിന്തിക്കാം: ചില കാര്യങ്ങളോട് 'വേണ്ട' എന്ന് വയ്ക്കുവാൻ അവർ അറിയണം.തിരുത്തലുകൾ നൽകേണ്ട സാഹചര്യങ്ങൾ വരും, ഇതെല്ലാം ചിലപ്പോൾ വേദനകളും ജീവിതത്തിൽ സമ്മാനിച്ചേക്കാം. തന്റെ വിദ്യാർത്ഥി കളെ ശരിയായി പരിശീലിപ്പിക്കാൻ ആഗ്രഹിക്കുന്ന അധ്യാപകൻ, ഉദ്യോഗസ്ഥൻ, മത നേതാവ്, രാഷ്ട്രീയക്കാരൻ ഉൾപ്പെടെ സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് തന്റെ ഉത്തരവാദിത്തങ്ങൾ നന്നായി നിർവഹിക്കാൻ ശ്രമിക്കുന്ന ഏതൊരാൾക്കും ഇത് ബാധകമാണ്. അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്, രക്തസാക്ഷിത്വം വരിക്കാൻ പോകുന്ന റോമിലേക്കുള്ള യാത്രാമധ്യേ ഇപ്രകാരം ക്രൈസ്തവരെ അഭിസംബോധന ചെയ്തു കൊണ്ട് എഴുതി: 'നിങ്ങൾ മനുഷ്യർക്ക് സ്വീകാര്യനാകാൻ ഞാൻ ആഗ്രഹിക്കു ന്നില്ല, മറിച്ച് ദൈവത്തിന് സ്വീകാര്യനാകാൻ ഞാൻ ആഗ്രഹിക്കുന്നു. ഭൂമിയുടെ അറ്റം വരെ ഭരിക്കുന്നതിനെക്കാൾ യേശുക്രിസ്തുവിൽ മരിക്കുന്നതാണ് എനിക്കു കൂടുതൽ മനോഹരം'

**സ്നേഹ വിരുന്ന്**

സാമ്പത്തികമായും സാമൂഹികമായും ഏറ്റവും ദുർബലരായവരോട് ശക്തമായ അടുപ്പം പ്രകടിപ്പിച്ചുകൊണ്ട് , അൽബാനോ രൂപതയുടെ കാരിത്താസ് സംഘടനയുടെ നേതൃത്വ ത്തിൽ പാവപ്പെട്ട സഹോദരങ്ങൾക്കൊപ്പം ലെയോ പതിനാലാമൻ പാപ്പാ ഉച്ചഭക്ഷണം കഴിച്ചു. കാസൽ ഗന്ധോൽഫോയിലെ പൂന്തോട്ടത്തിൽ സ്ഥിതി ചെയ്യുന്ന ലൗദാത്തോ സി പ്രദേശത്താണ് ഉച്ചഭക്ഷണം ഒരുക്കിയത്. 'അൽബാനോ പട്ടണത്തെ സംബന്ധി ച്ചിടത്തോളം, ഇത് ചരിത്രപരമായി പ്രധാനപ്പെട്ട ദിവസമാണ്": നഗരത്തിന്റെ മേയർ മാസ്സിമില്യനോ ബോറെല്ലി പറഞ്ഞു. ഭക്ഷണം ആരംഭിക്കുന്നതിനു മുൻപായി, ഗൃഹനാ ഥൻ എന്ന നിലയിൽ പാപ്പാ ലഘുവായ ഒരു ആമുഖ സന്ദേശം നൽകുകയും, ഭക്ഷണം ആശീർവദിക്കുകയും ചെയ്തു. 'ഈ ഉച്ചഭക്ഷണത്തിനായി ഇവിടെ ഒത്തുകൂടുക എന്നതി നർത്ഥം ദൈവത്തോടൊപ്പം കൂട്ടായ്മയിലും സാഹോദര്യത്തിലും ജീവിക്കുക എന്നാണ്, നന്ദി, നിങ്ങളുടെ ഭക്ഷണം ആസ്വദിക്കൂ!' ഇതായിരുന്നു പാപ്പായുടെ വാക്കുകൾ. പാവ പ്പെട്ടവർക്ക് ലെയോ പതിനാലാമൻ പാപ്പാ നൽകുന്ന പ്രത്യേകമായ ശ്രദ്ധ, നീതിയുടെ പുനഃസ്ഥാപനമാണെന്ന് അൽബാനോ രൂപതയുടെ മെത്രാൻ മോൺസിഞ്ഞോർ വിൻചെൻസൊ വിവ പറഞ്ഞു. 'പാർശ്വവൽക്കരിക്കപ്പെട്ടവരായ ഞങ്ങൾ ഇന്ന് പാ പ്പയോടൊപ്പം ഉച്ചഭക്ഷണം കഴിക്കുവാൻ പോകുന്നു' അംഗങ്ങൾ നേരത്തെ വലിയ സന്തോഷം പങ്കുവച്ചു. നഗരത്തിന്റെ വിവിധ ഇടങ്ങളിൽ തുറസായ സ്ഥലങ്ങളിൽ അന്തി

യുറങ്ങുന്ന ഇവർക്ക് ദ്രുപതയുടെ സേവനകേന്ദ്രങ്ങൾ ഭക്ഷണവും അവശ്യ വസ്തുക്കളും നൽകുകയും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്തുവരുന്നു.സഭ തങ്ങളെ പരിഗണിക്കുമ്പോൾ, സഭ ഞങ്ങളുടെ സ്വന്തം കുടുംബമായി മാറുന്നുവെന്ന് അവർ പറഞ്ഞു. ഒരുമിച്ച് ചെലവഴിച്ച ഈ സമയത്തിനും കർത്താവിന്റെ ദാനങ്ങൾ പങ്കിടാനുള്ള അവസരത്തിനും പ്രത്യേകമായി നന്ദി പറഞ്ഞു കൊണ്ട് പാപ്പാ ഹ്രസ്വമായി പ്രാർത്ഥിച്ചു. 'കർത്താവേ, നിന്റെ പരിപാലനയിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ച എല്ലാ ദാനങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നിന്റെ സ്നേഹത്തിൽ ഐക്യപ്പെട്ട്, പരസ്പരം സഹായിച്ചുകൊണ്ട്, ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് ഏറ്റവും അകലെയുള്ളവരെ എപ്പോഴും സഹായിച്ചുകൊണ്ട്, എപ്പോഴും യഥാർത്ഥ ദാനധർമ്മം പരിശീലിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളെയും ഞങ്ങളുടെ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ.' തുടർന്ന് പാപ്പാ സന്നിഹിതരായ ഓരോരുത്തരെയും വ്യക്തിപരമായി അഭിവാദ്യം ചെയ്തു. ഇന്ത്യയിലും, പാകിസ്ഥാനിലും, നേപ്പാളിലും പേമാരിയെ തുടർന്നുണ്ടായ വെള്ളപ്പൊക്കം നിരവധിയാളുകളുടെ ജീവൻ അപഹരിക്കുകയും പരിക്കുകൾ ഏൽപ്പിക്കുകയും അനേകം വീടുകൾ നഷ്ടപ്പെടുത്തുകയും ചെയ്ത ദുരന്തത്തിൽ ലെയോ പതിനാലാമൻ പാപ്പാ തന്റെ പ്രാർത്ഥനകളും, അനുശോചനങ്ങളും, സാമീപ്യവും അറിയിച്ചു. ഇരകളായവർക്കും അവരുടെ കുടുംബങ്ങൾക്കും ഈ ദുരിതത്തിൽ വേദനയനുഭവിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നുവെന്നും പാപ്പാ പറഞ്ഞു.

## തടവറ തീർത്ഥാടകർ

ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിൽ ഏവർക്കും ഇടമുണ്ടെന്നു വെളിപ്പെടുത്തുന്ന പ്രത്യാശയുടെ ജൂബിലി വർഷത്തിലെ തീർത്ഥാടകരായി ഇറ്റലിയിലെ വെനീസിൽ നിന്നും എത്തിയ മൂന്നു തടവുകാരെ ലിയോ പതിനാലാമൻ പാപ്പാ വത്തിക്കാനിൽ സ്വീകരിച്ചു. പ്രത്യേക അനുമതിയോടെ കാൽനടയായിട്ടാണ് മൂവരും റോമിലെത്തിയത്. തുടർന്ന് വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വിശുദ്ധ വാതിൽ കടക്കുകയും, പാപ്പായെ സന്ദർശിച്ചു തങ്ങളുടെ ആത്മീയസന്തോഷം പങ്കുവയ്ക്കുകയും ചെയ്തു. ശിക്ഷാകാലാവധി കഴിഞ്ഞ്, നിയമപ്രകാരം മടങ്ങാനുള്ള തയ്യാറെടുപ്പിനിടെയാണ് ഈ മൂന്നു തടവുകാരും റോമിലേക്ക് കാൽനടയായി തീർത്ഥാടനം നടത്തിയത്. തടവറ, ആളുകൾക്ക് മനസാന്തരപ്പെടുവാനുള്ള അവസരം നൽകുന്ന ഇടമാണെന്നും, ഈ തീർത്ഥാടനം പ്രായശ്ചിത്തത്തിന്റെ അനുഭവം സമ്മാനിക്കുന്നതാണെന്നും തടവറയുടെ ചുമതലയുള്ള, എന്റിക്കോ ഫരിന എടുത്തുപറഞ്ഞു. റോമിലുള്ള മറ്റു ബസിലിക്കകളിലും സംഘം തീർത്ഥാടനം നടത്തി. വെനീസ് പാത്രിയർക്കീസും, തടവറയുടെ ചാപ്ലെയിനുമായ ആർച്ചുബിഷപ്പ് ഫ്രാഞ്ചെസ്കോ മൊറാല്യയും, വെനീസ് അതിരൂപതയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന എപ്പിസ്കോപ്പൽ വികാരിയും, തീർത്ഥാടനത്തിൽ മൂവരെയും അനുഗമിച്ചു. കാൽനടയായി നടത്തുന്ന ഈ ജൂബിലി തീർത്ഥാടനത്തിന്റെ പ്രാധാന്യം പരിശുദ്ധ പിതാവിനെ അറിയിക്കുവാൻ സാധിച്ചതിലുള്ള സന്തോഷം പാത്രിയർക്കീസ് എടുത്തു പറഞ്ഞു. വെനീസിൽ നിന്നും കൊണ്ടുവന്ന ഏതാനും സമ്മാനങ്ങളും പാപ്പായ്ക്കു നൽകി. തികച്ചും സൗഹാർദ്ദപരമായിരുന്നു ലിയോ പതിനാലാമൻ പാപ്പായുമായുള്ള കൂടിക്കാഴ്ച്ചയെന്നും, ഒരു സുഹൃത്തെന്ന നിലയിൽ പാപ്പാ തങ്ങളോട് സംസാരിച്ചുവെന്നും, വിവിധ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞുവെന്നും അംഗങ്ങൾ പറഞ്ഞു. ഏകദേശം ഇരുപതുവർഷങ്ങൾക്കു മുൻപ് താൻ വെനീസിൽ ഉണ്ടായിരുന്നപ്പോഴുള്ള അനുഭവങ്ങളും പാപ്പാ പങ്കുവച്ചു. ❍



# സ്നേഹത്തിന്റെയും ക്ഷമയുടെയും വിജയ മന്ദഹാസം ....

**SPECIAL REPORT**



**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

**വത്തിക്കാൻ സിറ്റി :** 'നസ്രത്തിലെ മറിയത്തിൽ നമ്മുടെ ചരിത്രം, നമ്മുടെ പൊതു മാനവികതയിൽ ആമഗ്നമായ സഭയുടെ ചരിത്രം അടങ്ങിയിരിക്കുന്നു': ലെയോ പതിനാലാമൻ പാപ്പായുടെ വാക്കുകൾ. പരിശുദ്ധ കന്യകാമറിയത്തിൽ മാംസം ധരിച്ചുകൊണ്ട്, ജീവന്റെയും സ്വാതന്ത്ര്യത്തിന്റെയും ദൈവം മരണത്തെ കീഴടക്കിയെന്നും നമ്മോടുകൂടെയാണ് ദൈവം ഈ ജയം കൈവരിക്കുന്നതെന്നും സ്വർഗ്ഗാരോപണത്തിരുന്നാളിലെ ദിവ്യബലി അർപ്പണ വേളയിൽ പാപ്പാ വിശദീകരിച്ചു.വത്തിക്കാനിൽ നിന്ന് 30 കിലോമീറ്ററോളം തെക്കു കിഴക്കുമാറി റോമിനു പുറത്തായി സ്ഥിതിചെയ്യുന്ന കാസ്റ്റൽ ഗന്തോൾഫൊയിൽ, പാപ്പായുടെ വേനൽക്കാല അരമനയ്ക്കടുത്തുള്ള വില്ലനോവയിലെ വിശുദ്ധ തോമസിന്റെ നാമത്തിലുള്ള പൊന്തിഫിക്കൽ ഇടവകയിലായിരുന്നു സ്വർഗ്ഗാരോപണത്തിരുന്നാളാചരണത്തിൽ പാപ്പാ സന്നിഹിതനായത്. മരണത്തിന്റെ ശക്തിയെ ഇല്ലാതാക്കേണ്ടതായ 'സമ്മതം' ആണ് യേശു കുരിശിൽ അരുളിയതെന്നും എന്നാൽ നമ്മുടെ കരങ്ങൾ ക്രൂശിക്കുകയും നമ്മുടെ ഹൃദയങ്ങൾ ഭയത്തിന്റെയും സംശയത്തിന്റെയും തടവിലാകുകയും ചെയ്യുമ്പോൾ ആ മരണം ഇപ്പോഴും പടരുന്നുവെന്നും പാപ്പാ പറഞ്ഞു.'കുരിശിൽ വിശ്വാസം ജയിച്ചു, ഇതുവരെയും ഇല്ലാത്തത് കാണുന്ന സ്നേഹം

# മധുരം സായന്തനം

പി.ഒ.സി പാലാരിവട്ടം

22 ഓഗസ്റ്റ്



KCBC MEDIA COMMISSION


ജയിച്ചു, ക്ഷമ ജയിച്ചു.' യേശു കുരിശിൽ അരുളിയ ആ 'സമ്മതം' ഇക്കാലത്തെ രക്തസാക്ഷികളിൽ വിശ്വത്തിന്റെയും നീതിയുടെയും സൗമ്യതയുടെയും സമാധാനത്തിന്റെയും സാക്ഷികളിൽ ആവിഷ്കൃതമാകുന്നു. സ്വർഗ്ഗാരോപണത്തിരുന്നാളിന്റേതായ ആനന്ദം അങ്ങനെ ആർക്കുവേണ്ടി എങ്ങനെ ജീവിക്കണം എന്ന ഒരു തിരഞ്ഞെടുപ്പ് നടത്താൻ നമ്മെ പ്രതിബദ്ധരാക്കുന്നുവെന്ന് പാപ്പാ പറഞ്ഞു. ഇന്നിന്റെ മനുഷ്യൻ മാനുഷികങ്ങളായ സുരക്ഷിതത്വങ്ങളിലും ഭൗതിക സുസ്ഥിതിയിലും മനസ്സാക്ഷിയെ മയക്കുന്ന ഒരുതരം ആലസ്യത്തിലും അഭയം തേടുന്നു. ഇത് വിശ്വാസത്തെ ബലഹീനമാക്കുന്ന അപകടത്തെക്കുറിച്ച് പാപ്പാ മുന്നറിയിപ്പേകി. ഇവിടെ മരണം കീഴടങ്ങലിന്റെയും വിലാപത്തിന്റെയും, ഗൃഹാതുരത്വത്തിന്റെയും, അരക്ഷിതാവസ്ഥയുടെയും രൂപങ്ങളിൽ കടന്നുവരും. പഴയ ലോകത്തിന്റെ അന്ത്യം കാണുന്നതിനുപകരം, നാം ഇപ്പോഴും അതിൽ നിന്ന്, ദരിദ്രരോടും എളിയവരോടും പൊതുവെ അവജ്ഞകാട്ടുന്ന സമ്പന്നരിലും ശക്തരിലും നിന്ന് സഹായം തേടുകയാണ് ചെയ്യുന്നത്. എന്നാൽ ഇന്നും സഭ ജീവിക്കുന്നത് അവളുടെ ബലഹീനരായ അംഗങ്ങളിലൂടെയാണെന്ന് വ്യക്തമാക്കിയ പാപ്പാ ദരിദ്രരും പീഡിപ്പിക്കപ്പെടുന്നവരുമായക്രൈസ്തവ സമൂഹങ്ങളും സംഘർഷ വേദികളിൽ ആർദ്രതയുടെയും ക്ഷമയുടെയും സാക്ഷികളായവരും തകർന്ന ലോകത്ത് സമാധാനത്തിന്റെ ശില്പികളാകുന്നവരും പാലങ്ങൾ പണിയുന്നവരും, സഭയുടെ സന്തോഷമാണെന്നും അവളുടെ നിലനിൽക്കുന്ന ഫലഭൂയിഷ്ഠതയാണെന്നും ചൂണ്ടിക്കാട്ടി.

**സ്നേഹത്തിൽ ജീവൻ**

ദൈവവുമായുള്ള പരസ്പര കൂട്ടായ്മയിൽ ദീപ്തമാകുന്ന അനന്ത സ്നേഹത്തിന്റെ രഹസ്യം അനാവരണം ചെയ്യുന്നതായിരുന്നു, ഓഗസ്റ്റ് ആറിലെ പ്രതിവാര പൊതുകൂടിക്കാഴ്ചാ വേളയിൽ ലെയോ പതിനാലാമൻ പാപ്പാ നൽകിയ സന്ദേശം. പൊതുദർശന വേദി വത്തിക്കാനിൽ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ അങ്കണമായിരുന്നു. ഇതിൽ പങ്കുകൊള്ളുന്നതിന് വിവിധരാജ്യക്കാരായിരുന്ന തീർത്ഥാടകരും സന്ദർശകരുമായി ആയിരങ്ങൾ ചത്വരത്തിൽ സന്നിഹിതരായിരുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന യേശു പെസഹാ ഒരുക്കാൻ ശിഷ്യരെ അയയ്ക്കുന്ന സംഭവം, അദ്ധ്യായം 14 ലെ 12 –16 വരെയുള്ള വാക്യങ്ങൾ ആയിരുന്നു പാരായണം ചെയ്യപ്പെട്ടത്.' ഈ സുവിശേഷ വായന അവസാനിച്ചതിനെ തുടർന്ന് പാപ്പാ സന്ദേശം നല്കി. പ്രത്യാശയുടെ ജൂബിലിവർഷാചരണത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ തുടങ്ങിവച്ച, നമ്മുടെ പ്രത്യാശയായ യേശുവിന്റെ ജീവിതത്തെ അധികരിച്ചുള്ള പ്രബോധനപരമ്പര പാപ്പാ തുടരുന്നു. പാപ്പായുടെ വാക്കുകൾ: നമ്മുടെ പ്രത്യാശ രൂപപ്പെടുകയും സാന്ദ്രമാകുകയും ചെയ്യുന്നതാരിലാണോ ആ ക്രിസ്തുവിന്റെ വദനം കണ്ടെത്തുന്നതിനായുള്ള നമ്മുടെ ജൂബിലി യാത്ര നമുക്കു തുടരാം. ഇന്ന് നമ്മൾ യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ രഹസ്യത്തെക്കുറിച്ചുള്ള മനനം ആരംഭിക്കുകയാണ്. ലളിതമെന്നു തോന്നിക്കുന്നതും എന്നാൽ ക്രിസ്തീയജീവിതത്തിന്റെ അനർഘരഹസ്യം കാത്തുസൂക്ഷിക്കുന്നതുമായ ഒരു പദത്തെക്കുറിച്ചുള്ള ധ്യാനത്തോടെ നമുക്ക് ഇതാരംഭിക്കാം. 'ഒരുക്കം' ആണ് പ്രസ്തുത വാക്ക്.

**ജീവന്റെ ദാനം**

മർക്കോസിന്റെ സുവിശേഷം ഇപ്രകാരം പറയുന്നു: 'പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കുന്ന 'പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം ദിവസം, ശിഷ്യന്മാർ യേ


Celebrating
100 Years of
Grace and Mission
1926 – 2026
Franciscan Missionaries of Mary
Our Lady's Convent, Thoppumpady
Franciscan Missionaries of Mary
https://fmm.org

ശുവിനോട് ചോദിച്ചു: 'നിനക്ക് ഞങ്ങൾ എവിടെ പെസഹാ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്?' (മർക്കോസ് 14,12). ഇത് പ്രായോഗികമായ ഒരു ചോദ്യമാണ്, എന്നാലത് പ്രത്യാശാനിർഭരമാണ്. സുപ്രധാനമായ എന്തോ സംഭവിക്കാൻ പോകുന്നുവെന്ന് ശിഷ്യന്മാർക്ക് തോന്നുന്നു, പക്ഷേ അവർക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. യേശുവിന്റെ ഉത്തരമാകട്ടെ ഏതാണ്ട് ഒരു സമസ്യയായി തോന്നുന്നു: അതായത്, ' നിങ്ങൾ നഗരത്തിലേക്കു ചെല്ലുക. ഒരുകുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവനെ അനുഗമിക്കുക' (മർക്കോസ് 14,13). വിശദാംശങ്ങൾ പ്രതീകങ്ങളായി ഭവിക്കുന്നു: കുടം പേറുന്ന ഒരു മനുഷ്യൻ. അക്കാലത്ത് അത് ചെയ്തിരുന്നത് സ്ത്രീകളാണ് .ഇതിനകംതന്നെ മുകളിലത്തെ നിലയിൽ തയ്യാറാക്കപ്പെട്ട ഒരു മുറി, അജ്ഞാതനായ വീട്ടുടമസ്ഥൻ. എല്ലാകാര്യങ്ങളും മുൻകൂട്ടി ആസൂത്രണം ചെയ്തതുപോലെയാണ്. വാസ്തവത്തിൽ, അങ്ങനെതന്നെയാണ്. സ്നേഹം യാദൃച്ഛികതയുടെ അല്ല, മറിച്ച്, ബോധപൂർവമായ ഒരു തിരഞ്ഞെടുപ്പിന്റെ ഫലമാണെന്ന് സുവിശേഷം ഈ സംഭവത്തിൽ നമുക്ക് വെളിപ്പെടുത്തുന്നു. ഇത് ലളിതമായ ഒരു പ്രതികരണമല്ല, പ്രത്യുത, ഒരുക്കം ആവശ്യമുള്ള ഒരു തീരുമാനമാണ്. വിധികല്പിതമായതിനാലല്ല യേശു തന്റെ സഹനത്തെ നേരിടുന്നത്, മറിച്ച് താൻ സ്വതന്ത്രമായും കരുതലോടും കൂടി സ്വീകരിക്കുകയും പിൻചെല്ലുകയും ചെയ്ത ഒരു പാതയോടുള്ള വിശ്വസ്തതയാലാണ്. ഇതാണ് നമുക്കാശ്വാസമരുളുന്നത്: അവിടത്തെ ജീവന്റെ ദാനം പെട്ടെന്നുള്ള ഒരു പ്രേരണയാലുള്ളതല്ല, മറിച്ച് അഗാധമായ ഒരു നിയോഗത്തിൽ നിന്ന് ജന്മം കൊള്ളുന്നതാണ് എന്ന അറിവ്.

## മുന്നിലുണ്ട് ദൈവം

'ഇതിനകം തയ്യാറാക്കപ്പെട്ടിക്കുന്ന മുകളിലത്തെ മുറി' നമ്മോടോതുന്നത്, ദൈവം എപ്പോഴും നമ്മെക്കാൾ മുന്നിലാണെന്നാണ്. സ്വീകരണത്തിന്റെ ആവശ്യകത നാം മനസ്സിലാക്കുന്നതിനു മുമ്പുതന്നെ, നാം സ്വയം തിരിച്ചറിയുന്നതിനും അവിടത്തെ മിത്രങ്ങളാണെന്ന അവബോധം നമുക്കുണ്ടാകുന്നതിനും പര്യാപ്തമായ ഒരു ഇടം കർത്താവ് നമുക്കായി ഒരുക്കിക്കഴിഞ്ഞു. ആത്യന്തികമായി, ഈ ഇടം നമ്മുടെ ഹൃദയമാണ്: ശൂന്യമായി തോന്നാവുന്ന, എന്നാൽ തിരിച്ചറിയപ്പെടാനും നിറയ്ക്കാനും സംരക്ഷിക്കപ്പെടാനും മാത്രം കാത്തിരിക്കുന്ന ഒരു 'മുറി'. ശിഷ്യന്മാർ ഒരുക്കേണ്ട പെസഹാ, യഥാർത്ഥത്തിൽ, യേശുവിന്റെ ഹൃത്തിൽ ഇതിനകം ഒരുക്കപ്പെട്ടുകഴിഞ്ഞു. എല്ലാം ചിന്തിച്ചതും, എല്ലാം ക്രമീകരിച്ചതും, എല്ലാം തീരുമാനിച്ചതും അവനാണ്. എന്നിരുന്നാലും, തന്റെ സ്നേഹിതരോട് അവൻ അവരുടെ പങ്ക് നിർവ്വഹിക്കാൻ ആവശ്യപ്പെടുന്നു. ഇത് നമ്മുടെ ആത്മീയ ജീവിതത്തെ സംബന്ധിച്ച സത്താപരമായ ഒരു കാര്യം നമ്മെ പഠിപ്പിക്കുന്നു: അതായത്, കൃപ നമ്മുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നില്ല, മറിച്ച് അതിനെ വീണ്ടും ഉണർത്തുന്നു. ദൈവത്തിന്റെ ദാനം നമ്മുടെ ഉത്തരവാദിത്വത്തെ റദ്ദാക്കുന്നില്ല, മറിച്ച് അതിനെ ഫലദായകമാക്കുന്നു. അന്നത്തെപ്പോലെ, ഇന്നും ഒരു അത്താഴം ഒരുക്കേണ്ടതുണ്ട്. അത് ആരാധനക്രമത്തെ സംബന്ധിച്ചു മാത്രമല്ല മറിച്ച്, നമ്മെ ഉല്ലംഘിക്കുന്ന ഒരു കർമ്മത്തിലേക്കു കടക്കാനുള്ള നമ്മുടെ സന്നദ്ധതയെക്കുറിച്ചുമാണ്. ബലിപീഠത്തിൽ മാത്രമല്ല, സകലവും കാഴ്ചവയ്പും കൃതജ്ഞതാർപ്പണവുമാക്കാൻ കഴിയുന്ന ദൈനംദിന ജീവിതത്തിലും വിശുദ്ധ കുർബ്ബാന ആഘോഷിക്കപ്പെടുന്നു. ഈ നന്ദിപ്രകടനം ആഘോഷിക്കാൻ ഒരുങ്ങുക എന്നതിനർത്ഥം കൂടുതൽ ചെയ്യുക എന്നല്ല, മറിച്ച് ഇടം നൽകുക എന്നാണ്. അതിനർത്ഥം അമി

തമായി നില്ക്കുന്നവ നീക്കം ചെയ്യുക, പ്രതീക്ഷകൾ കുറയ്ക്കുക, അയഥാർത്ഥ പ്രതീക്ഷകൾ വളർത്താതിരിക്കുക എന്നാണ്. വാസ്തവത്തിൽ, പലപ്പോഴും, നമ്മൾ ഒരുക്കങ്ങളെ മിഥ്യാധാരണകളുമായി കൂട്ടിക്കുഴയ്ക്കുന്നു. മിഥ്യാധാരണകൾ നമ്മെ വ്യതിചലിപ്പിക്കുന്നു. തയ്യാറെടുപ്പുകൾ ആകട്ടെ നമുക്ക് ദിശാബോധം നല്കുന്നു. മിഥ്യാധാരണകൾ ഫലം തേടുന്നു, എന്നാൽ ഒരുക്കങ്ങളാകട്ടെ ഒരു കൂടിക്കാഴ്ച സാധ്യമാക്കുന്നു. യഥാർത്ഥ സ്നേഹം, അതു തിരിച്ചു ലഭിക്കുന്നതിനു മുമ്പേ നല്കപ്പെടുന്നു എന്ന് സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു. അത് മുൻകൂട്ടി നല്കപ്പെടുന്ന ഒരു ദാനമാണ്. ലഭ്യമാകുന്നവയെയല്ല , നൽകാൻ ആഗ്രഹിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് അത്. ഇതാണ് യേശു തൻ്റെ പ്രിയപ്പെട്ടവരുമൊത്ത് ജീവിച്ചത്: അവർ മനസ്സിലാക്കാതിരിക്കെത്തന്നെ, ഒരാൾ തന്നെ ഒറ്റിക്കൊടുക്കാനും മറ്റൊരാൾ തന്നെ നിഷേധിക്കാനും ഒരുങ്ങുമ്പോൾ തന്നെ, അവൻ എല്ലാവർക്കും വേണ്ടി കൂട്ടായ്മയുടെ ഒരു അത്താഴം ഒരുക്കുകയായിരുന്നു.

## നമ്മളും ക്ഷണിതാക്കൾ

കർത്താവിൻ്റെ പെസഹാ ഒരുക്കാൻ' നമ്മളും ക്ഷണിക്കപ്പെട്ടിരിക്കുന്നു. ആരാധനാക്രമപരം മാത്രമല്ല, നമ്മുടെ ജീവിത പെസഹായും. സന്നദ്ധതയുടേതായ ഓരോ ചെയ്തിയും, ഓരോ സൗജന്യ പ്രവൃത്തിയും, മുൻകൂട്ടി നല്കപ്പെടുന്ന ഓരോ മാപ്പും, ക്ഷമയോടെ സ്വീകരിക്കപ്പെടുന്ന ഓരോ ക്ലേശവും ദൈവത്തിന് വസിക്കാൻ കഴിയുന്ന ഒരു സ്ഥലം ഒരുക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. ആകയാൽ നമുക്ക് സ്വയം ചോദിക്കാം: കർത്താവിനെ സ്വാഗതം ചെയ്യാൻ സജ്ജമായിരിക്കേണ്ടതിന് ഏതെല്ലാം ഇടങ്ങളാണ് എൻ്റെ ജീവിതത്തിൽ പുനഃക്രമീകരിക്കേണ്ടത്? 'ഒരുങ്ങുക' എന്നാൽ ഇന്ന് എനിക്ക് എന്താണ് അർത്ഥം? ഒരുപക്ഷേ ഒരു ആവശ്യം വെടിയൽ ആകാം, അപരനിൽ മാറ്റം ഉണ്ടാകുന്നതുവരെ കാത്തിരിക്കുന്നതിന് വിരാമമിടലാകാം, ആദ്യചുവടുവയ്ക്കലാകാം. ഒരു പക്ഷേ കൂടുതൽ ശ്രവിക്കലും കുറച്ചു പ്രവർത്തനവുമാകാം, അല്ലെങ്കിൽ ഇതിനകം തയ്യാറാക്കപ്പെട്ടിട്ടുള്ളതിൽ വിശ്വാസമർപ്പിക്കാൻ പഠിക്കലാകാം. ദൈവവുമായും നമ്മൾ പരസ്പരവുമുള്ള കൂട്ടായ്മയ്ക്കുള്ള ഇടം ഒരുക്കാനുള്ള ക്ഷണം നാം സ്വീകരിക്കുകയാണെങ്കിൽ, നമ്മെ നിലനിർത്തുകയും എപ്പോഴും നമുക്കു മുമ്പേ ഗമിക്കുകയും ചെയ്യുന്ന അനന്തമായ സ്നേഹത്തിൻ്റെ രഹസ്യം അനവരതം ആഘോഷിക്കപ്പെടുന്ന, വിശാലവും സജ്ജമാക്കപ്പെട്ടതുമായ ആ മുറിയിലേക്ക് നമ്മെ നയിക്കുന്ന അടയാളങ്ങളാലും, കൂടിക്കാഴ്ചകളാലും വാക്കുകളാലും നാം വലയിതരായിരിക്കുന്നുവെന്ന് നമുക്ക് കണ്ടെത്താനാകും. കർത്താവിൻ്റെ സാന്നിധ്യത്തിൻ്റെ എളിയവരായ ഒരുക്കക്കാരാകാൻ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. തുറന്ന ഹൃദയത്തോടെ എല്ലാം നേരിടാൻ നമ്മെ അനുവദിക്കുന്ന ആ ശാന്തമായ വിശ്വാസം, ഈ ദൈനംദിന സന്നദ്ധതയിൽ നമ്മിൽ വളരട്ടെ. കാരണം, സ്നേഹം ഒരുക്കപ്പെട്ടിരിക്കുന്നിടത്ത് ജീവിതത്തിന് യഥാർത്ഥത്തിൽ തഴച്ചുവളരാൻ കഴിയും.

## ഹിരോഷിമ ദിനം

1945 ആഗസ്റ്റ് 6 , അമേരിക്കൻ ഐക്യനാടുകൾ ജപ്പാനിലെ ഹിരോഷിമ നഗരത്തെ അണുബോംബിട്ടു തകർത്തിട്ട് 80 വർഷം പിന്നിടുന്നതിൻ്റെ ഓർമ്മ ദിനം ആണെന്നത് പാപ്പാ അനുസ്മരിച്ചു. ആ അണുബോംബാംക്രമണത്തിൻ്റെ മൂന്നാം നാൾ നാഗസാക്കി നഗരത്തിലും അണുബോംബാക്രമണം ഉണ്ടായതിനെക്കുറിച്ചും പാപ്പാ പറഞ്ഞു. ഈ അണുബോംബാക്രമണങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ അനുഭവിച്ച എല്ലാവർക്കും പാപ്പാ




**വരാപ്പുഴ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പായെ സന്ദർശിച്ച് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ചിത്രം സമ്മാനിക്കുന്നു. വരാപ്പുഴ അതിരൂപതയിലെ ദേശീയ തീർത്ഥാടന കേന്ദ്രമാണ് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ബസിലിക്ക ദൈവാലയം.**



**വത്തിക്കാനിലെ വേൾഡ് ഓർഗനൈസേഷൻ ഫോർ ടൂറിസത്തിന്റെ (WOT) സ്ഥിരം നിരീക്ഷകനായി നിയമിക്കപ്പെട്ട റവ. മോൺ ഡോ. ജെയിൻ മെൻഡസ്. വരാപ്പുഴ അതിരൂപതയിലെ മഞ്ഞുമ്മൽ അമലോൽഭവ മാതാ ഇടവകാംഗമാണ്. WOTയുടെ സ്ഥിരം നിരീക്ഷകൻ എന്ന നിലയിൽ , അദ്ദേഹം അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന WOT-യിലെ എല്ലാ സമ്മേളനങ്ങളിലും യോഗങ്ങളിലും പരിശുദ്ധ സിംഹാസനത്തെ പ്രതിനിധീകരിക്കും.**

തന്റെ പ്രാർത്ഥനകൾ ഉറപ്പേകി. വർഷങ്ങൾ കടന്നുപോകുന്നുണ്ടെങ്കിലും, യുദ്ധങ്ങൾ, പ്രത്യേകിച്ച് ആണവായുധങ്ങൾ മൂലമുണ്ടാകുന്ന നാശത്തിനെതിരായ ഒരു സാർവ്വത്രിക മുന്നറിയിപ്പാണ് ആ ദാരുണ സംഭവങ്ങൾ എന്ന് പാപ്പാ പ്രസ്താവിച്ചു. ശക്തമായ പിരിമുറുക്കങ്ങളാലും രക്തരൂക്ഷിത സംഘർഷങ്ങളാലും മുദ്രിതമായ ഇന്നത്തെ ലോകത്തിൽ, പരസ്പരം നാശം വിതയ്ക്കുമെന്ന ഭീഷണിയിൽ അധിഷ്ഠിതമായ മിഥ്യാധാരണയായ സുരക്ഷ നീതിയുടെയും സംഭാഷണത്തിന്റെയും സാഹോദര്യത്തിലുള്ള വിശ്വാസത്തിന്റെയും ഉപകരണങ്ങൾക്ക് വഴിമാറുമെന്ന പ്രത്യാശ പാപ്പാ പ്രകടിപ്പിച്ചു. പൊതുദർശനപരിപാടിയുടെ അവസാന ഭാഗത്ത് പാപ്പാ യുവജനത്തെയും രോഗികളെയും നവദമ്പതികളെയും പ്രത്യേകം അഭിവാദ്യം ചെയ്തു. ക്രിസ്തുവിന്റെ രൂപാന്തരീകരണത്തിരുന്നാൾ ആചരിക്കപ്പെട്ടത് അനുസ്മരിച്ച പാപ്പാ കർത്താവിന്റെ തേജോമയമായ വദനം അവർക്ക് പ്രത്യാശയുടെയും സാന്ത്വനത്തിന്റെയും കാരണമാകട്ടെയെന്ന് ആശംസിച്ചു. ❍



# യേശുസ്നേഹത്തിന്റെ വഴി നേരിന്റെ വഴിയെന്ന് ലെയോ മാർപാപ്പ

**ഡോ. എഡ്വേർഡ് എടേഴത്ത്**
**യു. എസ്. എ.**

**SPECIAL REPORT**



യുവജന ജൂബിലിയോടനുബന്ധിച്ച്, റോമിലെ തോർ വെർഗാത്തയിൽ നടന്ന ജാഗരണ പ്രാർത്ഥനയ്ക്കും, ആരാധനയ്ക്കും ലെയോ പതിനാലാമൻ പാപ്പാ നേതൃത്വം നല്കി. തദവസരത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി നൽകി. യേശുവുമായുള്ള തീവ്രമായ ബന്ധം നമ്മെ ഒരിക്കലും വഞ്ചിക്കുകയില്ലെന്നും, ആശയക്കുഴപ്പവും തെറ്റിദ്ധാരണയും സൃഷ്ടിക്കുന്ന കാര്യങ്ങൾ തിരിച്ചറിയണമെന്നും പാപ്പാ അടിവരയിട്ടു പറഞ്ഞു.

ആത്മാർത്ഥമായ സൗഹൃദങ്ങൾ എങ്ങനെ കണ്ടെത്താം? പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാനുള്ള ധൈര്യം എങ്ങനെ കണ്ടെത്താം? ബുദ്ധിമുട്ടുകൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയിൽ പോലും, നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തുവിനെ എങ്ങനെ യഥാർത്ഥത്തിൽ കണ്ടുമുട്ടാനും അവന്റെ സാന്നിധ്യം ഉറപ്പാക്കാനും കഴിയും? എന്നിങ്ങനെ വിവിധങ്ങളായ ചോദ്യങ്ങൾക്ക് പാപ്പാ നൽകിയ മറുപടികൾക്ക്, പത്തുലക്ഷത്തിനു മുകളിൽ യുവജനങ്ങളാണ് ശ്രദ്ധയോടെ കാതോർത്തത്. കരഘോഷങ്ങളോടെ തങ്ങളുടെ സന്തോഷം അവർ

അറിയിച്ചു.ആധുനിക സംസ്കാരം, നാം അറിയാതെ തന്നെ നമ്മെ രൂപപ്പെടുത്തുന്നുവെന്നും, ഇതിനു സാങ്കേതിക വിദ്യകളുടെ സ്വാധീനം ഏറെ വലുതാണെന്നും പാപ്പാ പറഞ്ഞു. സമൂഹമാധ്യമങ്ങളിൽ ഏറെ സുഹൃത്തുക്കൾ ഉണ്ടെങ്കിലും, നാം പലപ്പോഴും ഏകാന്തതയിലേക്ക് അടയ്ക്കപ്പെടുന്നു എന്ന ബോധ്യം നമുക്ക് ഉണ്ടാവണം. യഥാർത്ഥവും നിലനിൽക്കുന്നതുമായ ബന്ധങ്ങളുടെ അഭാവം ഇന്ന് നമുക്ക് ഉണ്ടെന്നും അതിനാൽ, യഥാർത്ഥ പ്രത്യാശയിലേക്കുള്ള വാതിൽ തുറക്കുന്ന, സ്നേഹം കണ്ടെത്തുവാൻ നാം പരിശ്രമിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.

## സ്നേഹം വഴി മാറ്റം

ഉപഭോഗ സംസ്കാരത്തിന്റെ അപകടങ്ങൾ നാം മനസിലാക്കണമെന്നും, സാങ്കേതിക വിദ്യകൾ നമ്മുടെ ഉപകാരത്തിനല്ലാതെ നമ്മുടെ മേൽ ആധിപത്യം ഉറപ്പിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും പാപ്പാ പറഞ്ഞു.വിശ്വാസത്തിന്റെ അടിത്തറയായ ക്രിസ്തുവുമായുള്ള സൗഹൃദം, ഭാവി കെട്ടിപ്പടുക്കുന്നതിൽ നമുക്ക് വഴികാട്ടിയാണെന്നും പാപ്പാ ചൂണ്ടിക്കാണിച്ചു. 'പരസ്പരം സ്നേഹിക്കുക! ക്രിസ്തുവിൽ പരസ്പരം സ്നേഹിക്കുക! മറ്റുള്ളവരിൽ യേശുവിനെ എങ്ങനെ കാണണമെന്ന് അറിയുക!', അത് ലോകത്തെ പരിവർത്തനം ചെയ്യുമെന്നും പാപ്പാ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഈ കാലഘട്ടം അനിശ്ചിതത്വം നിറഞ്ഞതാണെന്നും, അതിനാൽ അജ്ഞാത ഭാവിയെക്കുറിച്ചുള്ള ഭയത്തെ അകറ്റിനിർത്തിക്കൊണ്ട്, ധൈര്യമുള്ളവരായിരിക്കാനും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ സാഹസികത അനുഭവിക്കാനും, സമൂലവും അർത്ഥവത്തായതുമായ തിരഞ്ഞെടുപ്പുകൾ നടത്താനും യുവജനങ്ങൾക്ക് സാധിക്കണമെന്നും പാപ്പാ ഓർമ്മപ്പെടുത്തി.നമ്മുടെ ജനനം നമ്മുടെ സ്വന്തം തീരുമാനമല്ല, മറിച്ച് നമ്മെ ആഗ്രഹിച്ച ഒരു സ്നേഹമായിരുന്നുവെന്നും, നമ്മുടെ ജീവിതത്തിലുടനീളം, നമ്മുടെ തിരഞ്ഞെടുപ്പുകളിൽ ഈ കൃപയെ തിരിച്ചറിയാനും പുതുക്കാനും നമുക്ക് സാധിക്കണമെന്നും, ഇപ്രകാരം മറ്റുള്ളവരെ സഹായിക്കുമ്പോഴാണ് നാം യഥാർത്ഥ സുഹൃത്തുക്കളായി മാറുന്നതെന്നും പാപ്പാ എടുത്തു പറഞ്ഞു. തിരഞ്ഞെടുക്കുക എന്നാൽ ഉപേക്ഷിക്കുക എന്നും അർത്ഥമാക്കുന്നുണ്ട്, ഇതിനു ദൈവസ്നേഹമാണ് നമ്മെ ശക്തിപ്പെടുത്തുന്നതെന്നും പാപ്പാ കൂട്ടിച്ചേർത്തു. 'ഗാസയിലെയും, ഉക്രൈനിലേയും യുവജനങ്ങളോടൊപ്പമാണ് നാം എല്ലാവരും' പ്രോത്സാഹനത്തിന്റെയും ആവേശത്തിന്റെയും, ഒപ്പം കൂട്ടായ്മയുടെയും ഈ വാക്കുകളോടെയാണ്, യുവജനങ്ങൾക്കായുള്ള ജൂബിലി കുർബാനയുടെ അവസാനം, ഒരു ദശലക്ഷം യുവജനങ്ങൾക്കൊപ്പം ലിയോ പതിനാലാമൻ പാപ്പാ മധ്യാഹ്ന പ്രാർത്ഥന ചൊല്ലുകയും, ഹ്രസ്വസന്ദേശം നൽകുകയും ചെയ്തത്.

## പ്രത്യാശയുടെ വിത്തുകൾ

ലോകത്തിനു വേണ്ടിയുള്ള നമ്മുടെ സമാധാനവും പ്രത്യാശയുമായ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ, മനുഷ്യർ മൂലമുണ്ടാകുന്ന ഏറ്റവും ഗുരുതരമായ തിന്മകൾ അനുഭവിക്കുന്ന യുവാക്കളോട് നാം ഏറെ അടുപ്പം പുലർത്തണമെന്നു പാപ്പാ പറഞ്ഞു. രക്തരൂക്ഷിതമായ യുദ്ധങ്ങളാൽ വേദനയനുഭവിക്കുന്ന യുവാക്കൾക്ക് സമീപസ്ഥരാകുവാനും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു.

'എന്റെ യുവ സഹോദരീ സഹോദരന്മാരേ, വ്യത്യസ്തമായ ഒരു ലോകം സാധ്യ

മാണെന്നതിന്റെ അടയാളമാണ് നിങ്ങൾ: ആയുധങ്ങൾ കൊണ്ടല്ല, സംഭാഷണത്തിലൂടെ സംഘർഷങ്ങൾ പരിഹരിക്കപ്പെടുന്ന സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും ഒരു ലോകം കെട്ടിപ്പടുക്കുവാൻ ക്രിസ്തുവിനൊപ്പം നമുക്ക് സാധിക്കും'– പാപ്പാ യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. ശാഖകൾ മുന്തിരിവള്ളിയോട് എന്നപോലെ യേശുവിനോട് ഐക്യപ്പെട്ടാൽ നിങ്ങളിൽ ധാരാളം ഫലം കായ്ക്കും; നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകും; എല്ലായിടത്തും നിങ്ങൾ പ്രത്യാശയുടെ വിത്തുകളായിരിക്കും: നിങ്ങളുടെ കുടുംബത്തിൽ, സുഹൃത്തുക്കളോടൊപ്പം, വിദ്യാലയത്തിൽ , ജോലിസ്ഥലത്ത്, കായിക വിനോദങ്ങളിൽ, എന്നിങ്ങനെ എല്ലായിടത്തും നമ്മുടെ പ്രത്യാശയായ ക്രിസ്തുവിനൊപ്പം പ്രത്യാശയുടെ വിത്തുകൾ വിതയ്ക്കുവാൻ സാധിക്കട്ടെ.

**ഹൃദയ തീർത്ഥാടനത്തിൽ .....**

'പരസ്പരം കണ്ടുമുട്ടാനും ഒത്തൊരുമിച്ച് ചരിക്കാനും ലക്ഷ്യം ഒരുമിച്ച് കണ്ടെത്താനും സൃഷ്ടിക്കപ്പെട്ടവരാണ് നമ്മളെ'ന്ന് ബോസ്നിയ ഹെർസഗൊവീനയിലെ മരിയൻ തീർത്ഥാടനകേന്ദ്രമായ മെജുഗോറിയെയിൽ ആഗസ്റ്റ് 4 മുതൽ 8 വരെ നടന്ന മുപ്പത്തിയാറാം യുവജനോത്സവത്തിൽ സംബന്ധിക്കുന്നവർക്കായുള്ള സന്ദേശത്തിൽ ലെയോ പതിനാലാമൻ പാപ്പാ നിരീക്ഷിച്ചിരുന്നു. 'കർത്താവിന്റെ ആലയത്തിലേക്കു നമുക്കു പോകാം' എന്ന നൂറ്റിയിരുപത്തിരണ്ടാം സങ്കീർത്തനത്തിലെ ആദ്യവാക്യം ഈ യുവജനോത്സവത്തിന്റെ വിചിന്തനപ്രമേയമായി സ്വീകരിച്ചിരിക്കുന്നത് തന്റെ സന്ദേശത്തിൽ അനുസ്മരിച്ച പാപ്പാ ഈ വാക്യം നമ്മോടു പറയുന്നത് ദൈവോന്മുഖമായ ഒരു യാത്രയെ, ദൈവത്തിങ്കലേക്കു നീങ്ങാനുള്ള അഭിലാഷത്തെ, നാം യഥാർത്ഥ ഭവനത്തിലാണെന്ന അനുഭവം ഉളവാക്കുന്ന അവിടത്തെ വാസസ്ഥലത്തേക്കുള്ള യാത്രയെ കുറിച്ചാണെന്നും അവിടത്തെ സ്നേഹമാണ് അവിടെ നമ്മെ കാത്തിരിക്കുന്നതെന്നും എഴുതി. ഡിജിറ്റൽ സാങ്കേതികവിദ്യയിൽ ആമഗ്നമായതും നിർമ്മിതബുദ്ധിയുൾപ്പടെയുള്ള സാങ്കേതികവിദ്യകൾ അസംഖ്യം അവസരങ്ങൾ പ്രദാനം ചെയ്യുന്നതുമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതെന്ന വസ്തുതയെക്കുറിച്ചു പരാമർശിച്ച പാപ്പാ, ഒരു അൽഗോരിതത്തിനും ദൈവവുമായോ, നമ്മുടെ സുഹൃത്തുക്കളുമായോ, നമ്മുടെ കുടുംബവുമായോ ഉള്ള ആലിംഗനത്തിനോ, നോട്ടത്തിനോ, യഥാർത്ഥ കൂടിക്കാഴ്ചക്കോ പകരം വയ്ക്കാൻ ആവില്ല എന്നത് മനസ്സിൽ സൂക്ഷിക്കണമെന്നും പറഞ്ഞു. കർത്താവിന്റെ ആലയത്തെ വിദൂരസ്ഥമായ ഒന്നായിട്ടല്ല, പ്രത്യുത, പരസ്പരം ദീപംകൊളുത്തുകയും ഹൃദയങ്ങളിൽ കത്തുന്ന അഗ്നി ഒരു ജ്വാലയായി മാറുകയും എല്ലാവരും ഒന്നിച്ചു നീങ്ങുകയും ചെയ്യുന്ന അനുഭവമായി വിശുദ്ധ അഗസ്റ്റിൻ അവതരിപ്പിക്കുന്നത് പാപ്പാ അനുസ്മരിച്ചു. ദൈനംദിന കൂടിക്കാഴ്ചകളിലൂടെ നമുക്ക് കർത്താവിന്റെ ആലയത്തിലേക്കുള്ള തീർത്ഥാടനം ഒരുമിച്ചു നടത്താൻ കഴിയും. തന്റെ ചാർച്ചക്കാരിയായ, ഗർഭിണിയായ എലിസബത്തിനെ സന്ദർശിക്കാൻ മംഗളവാർത്തയ്ക്കു ശേഷം മറിയം ആയാസകരമായ യാത്ര നടത്തുന്നത് പാപ്പാ കൂടിക്കാഴ്ചയുടെ മഹത്വം എടുത്തുകാട്ടുന്നതിന് ഉദാഹരിച്ചു. ദൈവസ്നേഹത്താൽ പോഷിതമായ വിശ്വാസം എന്ന ഭാഷ എല്ലാ പ്രതിസന്ധങ്ങളെയും മറികടക്കുന്നതാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. ❍



# സ്നേഹം വെറുപ്പിനേക്കാൾ ശക്തം

**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**




ലിയോ പതിനാലാമൻ പാപ്പ 2025 ഓഗസ്റ്റ് ഇരുപതിന് വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ വച്ച് നൽകിയ സന്ദേശത്തിൽ സ്നേഹത്തിന്റെ അപൂർവവും അദ്ഭുതാവഹവുമായ ശക്തിയെയും നന്മയെയും കുറിച്ച് പ്രതിപാദിച്ചു.

സുവിശേഷത്തിലെ ഐശ്വര്യമാർന്നതും എന്നാൽ വെളിച്ചം പകരുന്നതുമായ അടയാളങ്ങളിൽ ഒന്നായ സ്നേഹത്തെ കുറിച്ചുള്ള വിചിന്തനം നടത്തുമ്പോഴാണ് പാപ്പാ ഈ കാര്യം പ്രതിപാദിച്ചത്. പാപ്പ പറയുന്നത് അന്ത്യ അത്താഴ വേളയിൽ ഈശോ തന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നയാളെ ഭക്ഷണപാത്രം നീട്ടി തന്റെ ജീവന്റെ ജീവനിൽ പങ്കുകാരനാകാൻ ക്ഷണിക്കുന്നുവെന്നാണ്. ഇത് വെറുമൊരു പങ്കുവക്കലിന്റെ ആംഗ്യം മാത്രമല്ല തന്റെ ശിഷ്യൻ കൈവിടപ്പെടാതിരിക്കുവാൻ ഉള്ള സ്നേഹം നിറഞ്ഞ പരിശ്രമമാണ്.

## ഉദാത്തമായ സ്നേഹം

വി.യോഹന്നാൻ ശ്ലീഹ തന്റെ അഗാധമായ ആത്മീയ സംവേദന ക്ഷമതയോടെ ഈശോയുടെ ഈ ലോകം വിട്ടു പോകാനുള്ള സമയത്തെ കുറിച്ച് എഴുതുന്നു. പെസഹാ തിരുനാളിന് മുമ്പ് നടന്ന അന്ത്യ അത്താഴത്തിൽ ജീവന്റെ ജീവനായി താൻ സ്നേഹിച്ച



പ്രിയ ശിഷ്യരോട് യാത്ര പറയുന്ന ഈശോ ഭക്ഷണ മേശയിൽ തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവനും ഭക്ഷണപാത്രം നീട്ടി സ്നേഹത്തിന്റെ ഏറ്റവും ഉന്നതവും ഉദാത്തവുമായ മാതൃക നൽകുക ആണ്. ഈശോ കാണിച്ചതിലും ഉപരിയായ ഒരു സ്നേഹം മനുഷ്യന് കാണിക്കാൻ സാധ്യമല്ല. ഈശോയുടെ ഹൃദയത്തെ ഗ്രഹിക്കുന്നതിനുള്ള താക്കോലാണ് ഈ സ്നേഹ മാതൃക. നിരാശയ്ക്കും, ഉപേക്ഷിക്കലിനും, നന്ദികേടിനും, സ്വാർത്ഥതയ്ക്കും, തിരസ്കരണത്തിനും മുമ്പിൽ തളരാത്ത സ്നേഹമാണ് ഈശോയുടേത്. ഈ സ്നേഹമാണ് ഈശോ നമുക്ക് കാണിച്ചു തരുന്നത്. മനുഷ്യന് തളച്ചിടാനാകാത്ത സ്നേഹമാണ് ഇത്.

**സ്വയം താഴുകുന്ന സ്നേഹം**

ഈ ലോകം വിട്ട് പിതാവായ ദൈവത്തിന്റെ പക്കലേക്ക് പോകാനുള്ള സമയമായപ്പോൾ ഈശോ തൻറെ സ്നേഹം ഏറ്റവും വേദനാജനകവും ദുഃഖപൂർണ്ണവുമായ മുറിവിലൂടെയും വഞ്ചനയിലൂടെയും കടന്നു പോകേണ്ടി വരുമെന്ന സത്യം അംഗീകരിച്ചു കൊണ്ട് തന്നെ സ്നേഹത്തിന് മാതൃക നൽകുന്നു. സ്വയം പിൻവാങ്ങുന്നതിനും കുറ്റപ്പെടുത്തുന്നതിനും പ്രതിരോധിക്കുന്നതിനും പകരം ഈശോ തന്നെത്തന്നെ നൽകി നമുക്ക് മാതൃക നൽകുന്നു. ഒറ്റിക്കൊടുക്കാനിരിക്കുന്നവന്റെ അടക്കം എല്ലാ ശിഷ്യരുടെയും പാദങ്ങൾ കഴുകുകയും അപ്പം നൽകുകയും ചെയ്തു കൊണ്ടാണ് സ്നേഹത്തിന് ഒരു പുനർവായന ഈശോ തന്റെ ജീവിതം കൊണ്ട് നമുക്ക് നൽകുന്നത്. (യോഹ:13: 25 – 27). എളിമയാർന്നതും ലളിതവുമായ തന്റെ ഈ പ്രവൃത്തിയിലൂടെ സ്നേഹത്തെ അതിന്റെ ഏറ്റവും ഉന്നതമായ മൂർധന്യത്തിലേക്ക് ഈശോ എത്തിക്കുന്നു. നടക്കാൻ പോകുന്നത് കണ്ടില്ലെന്ന് നടിക്കു ന്നതല്ല മറിച്ച് വ്യക്തമായി കാണുന്നതു കൊണ്ടാണ് കർത്താവ് ഈ ഭാവം പ്രാവർത്തികമാക്കുന്നത്. തിന്മയിൽ മാർഗ്ഗം നഷ്ടപ്പെടുന്ന അവസ്ഥയിലും തന്റെ എളിമയാർന്ന പ്രവൃത്തി വഴി തേജസിലേക്ക് തിരികെ വരുമെന്ന ക്ഷണം ആയിരുന്നു ഈ സ്നേഹ പ്രകടനം.

**ക്ഷമയും സ്നേഹവും**

യഥാർത്ഥ ക്ഷമ അപരന്റെ പശ്ചാത്താപം കാത്തിരിക്കുന്നതിലല്ല മറിച്ച് അപരനെ ലാഭേച്ഛയില്ലാതെയും ഒന്നും പ്രതീക്ഷിക്കാതെയും സ്വീകരിക്കുന്നതിലാണ് എന്ന് യേശു പഠിപ്പിക്കുന്നു. നിർഭാഗ്യവശാൽ യൂദാസിന് ഇത് മനസ്സിലാകുന്നില്ല മറിച്ച് അവന്റെ ഉള്ളിൽ പിശാച് പ്രവേശിക്കുന്നു എന്നാണ് വചനം പറയുന്നത് (യോഹ.13:27). നാം ഗ്രഹിക്കേണ്ട ഏറെ ഹൃദയഭേദകമായ സത്യം സ്നേഹം അതിന്റെ ഏറ്റവും ഉദാത്തമായ ഭാവം പ്രകടമാക്കിയതിനു ശേഷവും പാപം ഭരണം നടത്തുന്നു എന്നതാണ്. അതായത് സ്നേഹം അതിന്റെ ഏറ്റവും നിരായുധരായ ഭാവം പ്രകടമാക്കിയതിനു ശേഷവും മറഞ്ഞു നിന്നിരുന്ന തിന്മ വെളിപ്പെടുന്നു എന്നതാണ് ദുഃഖകരമായ സത്യം. നമ്മെ സംബന്ധിച്ച് ഏറ്റവും ക്ലേശകരവും ദുഃഖകരവുമായ ഒരു യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഈശോയെ നമ്മൾ തള്ളിക്കളയുമ്പോഴും നമ്മുടെ ഉള്ളിലേക്ക് വരുവാൻ ഈശോയ്ക്ക് അദമ്യമായ ആഗ്രഹമാണുള്ളത്. വെറുപ്പിന്റെയോ വൈരാഗ്യത്തിന്റെയോ പാതയിലൂടെയല്ല മറിച്ച് വെറുപ്പിനെയും വിദ്വേഷത്തെയും സ്നേഹം കൊണ്ട് കീഴടക്കിയാണ് ഈശോ നമുക്ക് മാതൃക നൽകുന്നത്. ക്ഷമ അതിന്റെ എല്ലാ ശക്തിയിലും ആർജ്ജവത്തിലും വെളിപ്പെടുന്നത് പ്രത്യാശയുടെ മൂർത്തമായ മുഖം പ്രകടമാക്കി കൊണ്ടാണ്. ഇത് ഒരു

മറവിയോ ബലഹീനതയോ അല്ല. മറിച്ച് അവസാനം വരെ അപരനെ സ്നേഹിച്ച് സ്വതന്ത്രനാക്കാനുള്ള പരിശ്രമമാണ്. ഈശോയുടെ സ്നേഹം ഇതാണ് നമുക്ക് കാണിച്ചു തരുന്നത്. ലെയോ പാപ്പാ പറയുന്നത് സ്നേഹത്തിൽ വേദനയുടെ യാഥാർത്ഥ്യത്തെ നാം നിഷേധിക്കുന്നില്ല. എന്നാൽ തിന്മയാണ് എല്ലാത്തിന്റെയും അവസാന വാക്ക് എന്ന് സ്ഥാപിക്കുവാൻ ഈ സ്നേഹം അനുവദിക്കുന്നില്ല. നമുക്കായി യേശു പ്രവർത്തിക്കുന്ന രഹസ്യാത്മകമായ കാര്യമാണ് ഇത്. ഈ രഹസ്യത്തിൽ ഭാഗഭാക്കുകളാകാനാണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്. സ്നേഹബന്ധത്തിൽ എത്രമാത്രം സങ്കീർണതകളോ തകർച്ചകളോ ഉണ്ടായാലും; അപരിഹാര്യമായി തോന്നിയാലും തുടർന്നും സ്നേഹിക്കുവാൻ ഒരു വഴിയുണ്ട് എന്ന് സുവിശേഷം നമ്മെ ബോധിപ്പിക്കുന്നു എന്നാണ് പാപ്പാ പഠിപ്പിക്കുന്നത്. ക്ഷമിക്കുക എന്നത് തിന്മയെ നിഷേധിക്കുക എന്നല്ല മറിച്ച് കൂടുതൽ തിന്മ സൃഷ്ടിക്കുന്നതിൽ നിന്ന് തടയുക എന്നതാണെന്നും ഒന്നും സംഭവിച്ചിട്ടില്ല എന്ന് പറയുകയല്ല എന്നും നീരസമുളവാക്കുകയല്ല എന്നും മറിച്ച് ഭാവിയെ നന്നായി തെളിയിക്കുകയാണ് എന്നുമാണ് പാപ്പാ പഠിപ്പിക്കുന്നത്.

## സ്നേഹം പ്രകാശമാണ്

യൂദാസ് ഈശോയെ വിട്ടു പോകുന്നത് രാത്രിയിലാണ് എന്നാണ് വചനം പറയുന്നത് (യോഹ:13:30). തുടർന്ന് ഈശോ പറയുന്നത് ഇപ്രകാരമാണ്: 'ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു'(യോഹ:13:31). പാപ്പ പറയുന്നത് രാത്രി അപ്പോഴും അവിടെ തുടരുകയാണെങ്കിലും നിത്യപ്രകാശമായ ഈശോയുടെ സാന്നിധ്യം അവിടം പ്രകാശത്താൽ നിറയാൻ കാരണമാകുന്നു. ലിയോ പാപ്പാ പഠിപ്പിക്കുന്നത് വെറുപ്പിനേക്കാൾ ശക്തമാണ് ഈശോയുടെ സ്നേഹം എന്നാണ്. വേദനയുടെയും കഷ്ടപ്പാടിന്റെയും നിരാശയുടേയും രാത്രികളിലൂടെ നാം നീങ്ങുമ്പോഴും; ആരെങ്കിലും നമ്മെ ഉപദ്രവിക്കുകയോ വഞ്ചിക്കുകയും ചെയ്ത രാത്രികൾ ഉണ്ടാകുമ്പോഴും; നമ്മിലേക്ക് തന്നെ ഒതുങ്ങി കൂടാനും സ്വയം സംരക്ഷിക്കാനും തിരിച്ചടിക്കാനും തോന്നുക എന്നതാണ് പ്രലോഭനം. എന്നാൽ ഇതെല്ലാം ഉണ്ടായപ്പോഴും മറ്റൊരു വഴിയുണ്ടെന്ന് കർത്താവ് നമുക്ക് പ്രത്യാശയും ഉറപ്പും നൽകുന്നു. ലെയോ പാപ്പ പറയുന്നത് നമ്മോട് പുറം തിരിഞ്ഞു നിൽക്കുന്നവർക്കും ഒരു അപ്പക്കഷണം നൽകുവാൻ നമുക്ക് സാധിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നുണ്ടെന്നാണ്. വിശ്വസ്തതയുടെ നിശബ്ദതയിൽ പ്രതികരിക്കുവാൻ സാധിക്കണമെന്നും സ്നേഹം കൈവിടാതെ അന്തസ്സോടെ മുന്നോട്ടു പോകാമെന്നും ഈശോ സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്നു. നാം മനസ്സിലാക്കപ്പെടാതെ വരുമ്പോഴും; നാം ഉപേക്ഷിക്കപ്പെട്ടു എന്ന് തോന്നുമ്പോഴും ക്ഷമിക്കുവാനുള്ള കൃപയ്ക്കായി നാം നന്നായി പ്രാർത്ഥിക്കണം എന്നാണ് പാപ്പ പഠിപ്പിക്കുന്നത്. ലെയോ പാപ്പ തുടർന്നു പറയുന്നത് അത്തരം നിമിഷങ്ങളിലാണ് സ്നേഹം അതിന്റെ ഉച്ചസ്ഥായിയിൽ ആവുക എന്നാണ്. ഈശോ കാണിച്ചുതന്നത് പോലെ ഒറ്റിക്കൊടുക്കാൻ പോലും അപരനെ സ്വതന്ത്രനായി വിടുക എന്നതാണ് സ്നേഹം. ക്ഷമയുടെ വെളിച്ചം ഒരിക്കലും ഉപയോഗ ശൂന്യമാകുകയില്ല. അപരൻ ക്ഷമ ഉൾക്കൊള്ളുന്നില്ലെങ്കിലും അവന് അത് നിരർത്ഥകമായി തോന്നിയാലും ക്ഷമ അത് നൽകുന്നവനെ സ്വതന്ത്രനാക്കുന്നു; നീരസത്തെ ഇല്ലാതാക്കുന്നു; സമാധാനം പുനസ്ഥാപിക്കപ്പെടുന്നു; രക്ഷയ്ക്കുള്ള അവസരമായി മാറുന്നു.അപ്പക്കഷണം നൽകി ലളിതമായ ആംഗ്യത്തിലൂടെ ഈശോ ഇത് പഠിപ്പിക്കുന്നു. നമ്മുടെ ഉള്ളിലുള്ള ഏറ്റവും സത്യമായവയെ കെടുത്തി കളയാതിരിക്കാൻ കൂടുതൽ ആർജ്ജവത്തോടെ സ്നേഹിക്കാൻ നമുക്ക് പഠിക്കാം. സ്നേഹത്തിന്റെ ഉദാത്ത മാതൃകയായ ഈശോ നമ്മെ നയിക്കട്ടെ. ❍

# വിശുദ്ധ കാർലോ അക്വിറ്റസിന്റെ നാമധേയത്തിലുള്ള

# ലോകത്തിലെ ആദ്യ പള്ളി കേരളത്തിൽ




സൈബർ ലോകത്തെ വിശുദ്ധൻ എന്നറിയപ്പെടുന്ന കാർലോ അക്വിറ്റസിനെ ഈ സഹസ്രാബ്ദത്തിന്റെ വിശുദ്ധനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ പ്രഖ്യാപിച്ച പുണ്യദിനത്തിൽ തന്നെ വരാപ്പുഴ അതിരൂപതയിലെ പള്ളിക്കരയിൽ കാർലോ അക്വിറ്റസിന്റെ നാമധേയത്തിൽ ലോകത്തിലെ തന്നെ ഏറ്റവും പ്രഥമ ദേവാലയം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ.ജോസഫ് കളത്തിപറമ്പിൽ ആശിർവദിച്ചു. വികാർ ജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമിറ്റം, ചാൻസലർ ഫാ. എബിജിൻ അറക്കൽ, ഫാ. സോജൻ മാളിയേക്കൽ, ഇടവ വികാരി ഫാ. റോക്കി കൊല്ലംപറമ്പിൽ, ഫെറോനാ വികാരി ഫാ. പാട്രിക് ഇലവുങ്കൽ എന്നിവർ സന്നിഹിതരായിരുന്നു.



# ധീരപ്രേഷിതർ

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.*



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 24**

175. തങ്ങളെത്തന്നെ കണ്ടെത്തുന്ന ഇടങ്ങളിൽ, അവർ ജീവിക്കുന്ന മാർഗത്തിൽ, ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞ് സുവിശേഷത്തിന്റെ സാക്ഷികളാകാൻ യുവജനങ്ങൾ വിളിക്കപ്പെടുന്നു. വിശുദ്ധ ആൽബെർത്തോ ഹർത്താദോ ഒരിക്കൽ പറഞ്ഞു: "ഒരു പ്രേഷിതനാകുക എന്നതിന്റെ അർത്ഥം കോട്ടിന്റെ മുകളിൽ ഒരു മുദ്ര ധരിക്കുക എന്നല്ല; അത് സത്യത്തെക്കുറിച്ച് സംസാരിക്കുന്നതു സംബന്ധിച്ചുള്ളതല്ല, പ്രത്യുത സത്യം ജീവിക്കുന്നതിനെക്കുറിച്ചുള്ളതാണ്, അത് സാക്ഷാത്കരിക്കപ്പെടുന്നതിനെക്കുറിച്ചുള്ളത്, ക്രിസ്തുവിൽ പരിവർത്തനം ചെയ്യപ്പെടുന്നതിനെക്കുറിച്ചുള്ളത്. ഒരു പ്രേഷിതനാവുക എന്നതിന്റെ അർത്ഥം കൈയിൽ ഒരു ദീപശിഖ വഹിക്കുക എന്നല്ല. വെളിച്ചം കൈവശം വയ്ക്കുക എന്നല്ല, ആ വെളിച്ചമാകുക എന്നാണ്. ഒരു പാഠത്തക്കാൾ കൂടുതലായി, സുവിശേഷം ഒരു ഉദാഹരണമാണ്. ഒരു സന്ദേശം പൂർണ്ണമായി ജീവിക്കുന്ന ഒരു ജീവിതമായിത്തീരുന്നു."



176. സാക്ഷ്യത്തിന്റെ പ്രാധാന്യത്തിന്റെ അർത്ഥം വചനത്തെക്കുറിച്ച് നാം നിശ്ശബ്ദരായിരിക്കണം എന്നല്ല. എന്തുകൊണ്ട് നമുക്ക് യേശുവിനെപ്പറ്റി സംസാരിച്ചുകൂടാ? അവിടുന്ന് ജീവിതത്തിൽ നമുക്ക് ശക്തി നൽകുന്നുവെന്ന്, അവിടുത്തോടു സംസാരിക്കുന്നത് നാം ആസ്വദിക്കുന്നുവെന്ന്, അവിടുത്തെ വചനത്തെക്കുറിച്ചു ധ്യാനിക്കുന്നതിൽനിന്ന് നമുക്ക് പ്രയോജനം ലഭിക്കുന്നുവെന്ന്, മറ്റുള്ളവരോട് നമുക്ക് എന്തുകൊണ്ട് പറഞ്ഞുകൂടാ? യുവജനങ്ങളേ, തെറ്റായതും ഉപരിപ്ലവപരവുമായ കാര്യങ്ങളിലേക്കുമാത്രം നിങ്ങളെ ആകർഷിക്കാൻ ലോകത്തെ അനുവദിക്കരുത്.

ഒഴുക്കിനെതിരെ നീന്താൻ അഭ്യസിക്കുക, യേശുവിലും അവിടുന്ന് നിങ്ങൾക്കു നൽകിയ വിശ്വാസ ത്തിലും പങ്കുചേരുന്നത് എപ്രകാരമെന്ന് അഭ്യസിക്കുക. ഇപ്രകാരം പറയുന്നതിലേക്ക് വിശുദ്ധ പൗലോസിനെ നയിച്ച അപ്രതിരോധ്യമായ അതേ ഉത്തേജനം നിങ്ങളെ ചലിപ്പിക്കട്ടെ; "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കോറി. 9:16).

177. "എവിടേക്കാണ് യേശു നമ്മെ അയക്കുന്നത്? അതിർത്തികളില്ല, പരിധികളില്ല. അവിടുന്ന് നമ്മളെ എവിടേക്കും അയക്കുന്നു. സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതാണ്, കേവലം ചിലർക്കുവേണ്ടി മാത്രമുള്ളതല്ല. നമ്മോട് കൂടുതൽ അടുപ്പമുള്ളവരായി, കൂടുതൽ സ്വീകാര്യതയുള്ളവരായി, കൂടുതൽ സ്വാഗതാർഹരായി, കാണപ്പെടുന്നവർക്കുവേണ്ടി മാത്രമുള്ളതല്ല. അത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. പോകാനും ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും, സമൂഹത്തിന്റെ അരികുകളിലേക്കും, ഏറ്റവും അകലെയുള്ളവരായും ഉദാസീനരായും കാണപ്പെടുന്നവരിലേക്കുപോലും ക്രിസ്തുവിനെ കൊണ്ടുവരാനും ഭയപ്പെടരുത്. കർത്താവ് എല്ലാവരെയും അന്വേഷിക്കുന്നു; അവിടുത്തെ കാരുണ്യത്തിന്റെയും അവിടുത്തെ സ്നേഹത്തിന്റെയും ഊഷ്മളത എല്ലാവരും അനുഭവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. "നമ്മൾ എവിടെയായിരുന്നാലും, ഏതു കൂട്ടുകെട്ടിൽ നാം നമ്മളെത്തന്നെ കണ്ടെത്തിയാലും, നിർഭയരായ പ്രേഷിതരാകാൻ അവിടുന്ന് നമ്മെ ക്ഷണിക്കുന്നു. നമ്മുടെ സമീപസ്ഥലങ്ങളിൽ, വിദ്യാലയത്തിലോ കായിക വിനോദങ്ങളിലോ സാമൂഹിക ജീവിതത്തിലോ സന്നദ്ധസേവനത്തിലോ ജോലിസ്ഥലത്താ. നമ്മൾ എവിടെയായാലും, സുവിശേഷത്തിന്റെ ആനന്ദത്തിൽ പങ്കുചേരാനുള്ള ഒരവസരം എപ്പോഴും നമുക്കുണ്ട്. അപ്രകാരം എല്ലാവരെയും കാണാൻ വേണ്ടിയാണ് കർത്താവ് പുറത്തേക്കു പോകുന്നത്. പ്രിയപ്പെട്ട യുവജനങ്ങളേ, അവിടുന്ന് നിങ്ങളെ സ്നേ



**കെ. സി. ബി. സി. മീഡിയ കമ്മീഷൻ RJM ഡെൽഹി പ്രൊവിൻസിന്റെ സഹകരണത്തോടെ കെ. സി. എസ്. എൽ. ന് വേണ്ടി പ്രസിദ്ധീകരിച്ച JESUS AND LITTLE GLADY എന്ന ഇംഗ്ലീഷിലുള്ള ചിത്ര കഥ കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പ്രകാശനം ചെയ്തപ്പോൾ. കെ. സി. എസ്. എൽ. ജനറൽ ഡയറക്ടർ റവ ഫാ .ആന്റണി ലിജോ ഓടത്തക്കൽ, കെ. സി. എസ്. എൽ. സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി കോതമംഗലം കെ. സി. എസ്. എൽ. രൂപതാ ഡയറക്ടർ റവ ഫാ . അജാക്സ് മാത്യു രാമനാട്ട് എന്നിവർ സമീപം റവ . സി. ജോസ്ന ഫെർണാണ്ടെസ് RJM ആണ് ഈ ചിത്രകഥയുടെ രചയിതാവ്.**

ഹിക്കുന്നു. എന്തെന്നാൽ, അവിടുത്തെ പ്രകാശവും പത്യാശയും അവിടുത്തേക്ക് വ്യാപിപ്പിക്കാൻ കഴിയുന്ന മാർഗമാണ് നിങ്ങൾ. നിങ്ങളുടെ ധൈര്യത്തെയും നിങ്ങളുടെ നിർഭയത്വത്തെയും നിങ്ങളുടെ ഉത്സാഹത്തെയും അവിടുന്ന് ആശ്രയിക്കുന്നു.

178. ഈ ദൗത്യം മൃദുലവും എളുപ്പമുള്ളതുമാണെന്ന് ചിന്തിക്കരുത്. പ്രേഷിത വ്യാപനത്തിനു വേണ്ടി ചില യുവജനങ്ങൾ അവരുടെ ജീവിതങ്ങൾ നൽകിയിട്ടുണ്ട്. കൊറിയയിലെ മെത്രാന്മാർ ഇപ്രകാരം പ്രസ്താവിച്ചു: “രക്തസാക്ഷികളുടെ മാതൃക പിന്തുടർന്ന്, മനുഷ്യ വർഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ഗോതമ്പുമണികളും ഉപകരണങ്ങളുമാകാൻ ഞങ്ങൾക്കു കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ വിശ്വാസം ഒരു കടുകുമണിപോലെ ചെറുതാണെങ്കിലും, ദൈവം അതിനു വളർച്ച നൽകുകയും അതിനെ അവിടുത്തെ രക്ഷാകര പ്രവർത്തനത്തിന്റെ ഒരുപകരണമായി ഉപയോഗിക്കുകയും ചെയ്യും.' യുവജനങ്ങളേ, നമ്മുടെ ലോകത്തെ മാറ്റാൻ വേണ്ടി നിങ്ങളുടെ ഊർജ്ജവും നിങ്ങളുടെ സാഹസികതയും നിങ്ങളുടെ സർഗാത്മകതയും സംഭാവന ചെയ്യാൻ നാളെവരെ കാത്തിരിക്കരുത്. നിങ്ങളുടെ യൗവ്വനം ഒരു “ഇടവേള'യല്ല. നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ' ആണ്. നിങ്ങൾ ഫലം പുറപ്പെടുവിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. എന്തെന്നാൽ, “നൽകുന്നതിലാണ് നാം സ്വീകരിക്കുന്നത്." ശോഭനമായ ഒരു ഭാവി ഒരുക്കാനുള്ള ഏറ്റവും നല്ല മാർഗം പ്രതിബദ്ധതയോടും ഔദാര്യത്തോടും കൂടി കഴിയുന്നത് നന്നായി വർത്തമാനകാലം അനുഭവിക്കുകയാണ്. ❍



# ഇല്ല, അണയുന്നില്ല ആ സ്നേഹമൺചെരാതിലെ കാരുണ്യജ്വാലകൾ...

**ഫാ. ഡിറ്റോ കൂള**
( സെക്രട്ടറി K. C. B. C. യൂത്ത് കമ്മീഷൻ )



മനുഷ്യഹൃദയങ്ങളെ തൊടുന്ന സ്ഥാപനങ്ങളാണ് എപ്പോഴും ദൈവസ്നേഹത്തിന്റെ മൺചെരാതുകളായി നമുക്കു മുമ്പിൽ പ്രകാശം പരത്തി തെളിഞ്ഞുനിൽക്കുക. തൃശ്ശൂർ അതിരൂപതയിലെ നിരവധി ജീവകാരുണ്യ –ക്ഷേമ പ്രവർത്തനങ്ങളുടെ സാരഥിയായിരുന്ന ഫാ. ജോയ് മൂക്കൻ കൊളുത്തിവച്ച സ്നേഹദീപങ്ങൾ നിരവധിയാണ്. അതിരൂപതയുടെ ഫിനാൻസ് കൗൺസിൽ സെക്രട്ടറിയെന്ന പദവിയിലേക്ക് ആ വന്ദ്യവൈദികൻ ഉയർത്തപ്പെട്ടത്, അദ്ദേഹത്തിന് അതിരൂപതാ നേതൃത്വം നൽകിയ അംഗീകാരമായി മാറി. 2025 ഓഗസ്റ്റ് 9നാണ് ഫാ. ജോയ് മൂക്കന്റെ വിയോഗം. ആ സ്നേഹ സാന്നിധ്യം തൊട്ടറിയാൻ കഴിഞ്ഞ സഹകാരിയെന്ന നിലയിലാണ് ഈ ഓർമ്മക്കുറിപ്പ്.

ഒല്ലൂർ ഇടവകയിലെ മൂക്കൻ ലൂവീസ്– കുഞ്ഞില ദമ്പതികളുടെ മകനായി 1967 ഡിസംബർ 2–ന് അദ്ദേഹം ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരി

ശീലനം പൂർത്തിയാക്കിയശേഷം 1993 ജനുവരി 02 ന് അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി പൗരോഹിത്യ ശുശ്രൂഷയിലൂടെ മറ്റുള്ളവർക്കുവേണ്ടി ജീവിതം സമർപ്പിച്ച ബഹു.ജോയ് മൂക്കൻ അച്ചൻ 2025 ആഗസ്റ്റ് –09–ന് ശനിയാഴ്ച രാത്രി 10.50 ന് അമ്പത്തിയേഴാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനത്തിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിൽ രോഗബാധിതനായ അദ്ദേഹം വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

ദൈവമഹത്വവും മനുഷ്യനന്മയും ലക്ഷ്യം വച്ച് പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതമാണെന്ന ആപ്തവാക്യവുമായി വേലൂപ്പാടം ഇടവകയിൽ സഹവികാരിയായി അദ്ദേഹം പൗരോഹിത്യശുശ്രൂഷ ആരംഭിച്ചു. ചിയ്യാരം സേവനാലയം, ഏങ്ങണ്ടിയൂർ, പെരിങ്ങോട്ടുകര, മുല്ലശ്ശേരി എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. സ്കൂളിൽ അധ്യാപകനായി സേവനം ചെയ്ത അദ്ദേഹം, ചൈതന്യ കൗൺസിലിംഗ് സെന്റർ, അൾത്താരബാലസംഘം, ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടർ, അതിരൂപത ഫിനാൻസ് ഓഫീസർ, അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനത്തിന്റെ ഡയറക്ടർ എന്നീ നിലകളിൽ നിസ്തുലമായ സേവനം അനുഷ്ഠിച്ചു. എൽത്തുരുത്ത് ഇടവകയ്ക്കായുള്ള അതിരൂപതാ ഡെലഗേറ്റ്, വൈദികസമിതിയംഗം, അതിരൂപത അതിർത്തി നിർണ്ണയകമ്മിറ്റിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, അതിരൂപത ആലോചനസമിതിയംഗം, അതിരൂപത ഫിനാൻസ് കൗൺസിൽ സെക്രട്ടറി എന്നീ തസ്തികളിലും ബഹു.ജോയ് അച്ചൻ സ്തുത്യർഹമായ സേവനം ചെയ്തു.

സമൂഹത്തിലെ വേദനയനുഭവിക്കുന്നവരോട് സഹാനുഭൂതിയോടെ എപ്പോഴും ഇടപെടുകയും ഇടവകയ്ക്കും ഇടവകജനത്തിനും പൊതുസമൂഹത്തിനും എന്നും പുരോഗതിയും അഭിവൃദ്ധിയും ഉണ്ടാകുന്നതിനുവേണ്ടി അഹോരാത്രം കഠിനപ്രയത്നം ചെയ്ത അദ്ദേഹം, വേലൂപ്പാടം ഇടവകയിലെ സെന്റ് ജോസഫ്സ് ചാരിറ്റിബിൾ ട്രസ്റ്റ്, ഫാ. വടക്കൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ, ഏങ്ങണ്ടിയൂരിൽ സോഷ്യൽ ആക്ഷൻ ഫോറം, എന്നിവക്ക് ആരംഭം കുറിച്ചു. നിർമ്മാണപ്രവർത്തന രംഗത്ത് ദീർഘ ദൃഷ്ടിയോടെയും പ്രാഗല്ഭ്യത്തോടെയും പ്രവർത്തിക്കാൻ അദ്ദേഹത്തിന് പ്രത്യേക സിദ്ധി ലഭിച്ചിരുന്നു. ചിയ്യാരം സേവനാലയം പള്ളി നിർമ്മാണം, ചിയ്യാരം സേവനാലയം ഇവടകയുടെ സ്ഥാപനം, ഏങ്ങണ്ടിയൂർ പള്ളി നവീകരണം, ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം, ഫാ. പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ സ്കൂൾ ആരംഭം, പെരിങ്ങോട്ടുകര പള്ളി–വൈദികമന്ദിര നവീകരണം, മുല്ലശ്ശേരി പള്ളി – വൈദിക മന്ദിരം നിർമ്മാണം, മുല്ലശ്ശേരി ഗുഡ്ഷെപ്പേർഡ് സി.ബി.എസ്.ഇ. സ്കൂളിന്റെ സ്ഥാപനം, ആർച്ച് ബിഷപ്ഹൗസിലെ കെട്ടിട നവീകരണം, ഡി.ബി.സി.എൽ.സി. പുനരുദ്ധാരണം& ഹാൾ നിർമ്മാണം എന്നിവ ബഹു. ജോയ് മൂക്കനച്ചന്റെ അത്യദ്ധ്വാനത്തിന്റെ തെളിവുകളാണ്. അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനത്തിന്റെ ഡയറക്ടറായിരുന്ന കാലഘട്ടത്തിൽ കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ പെട്ടവരെ സഹായിക്കുവാൻ സാന്ത്വനം ടാസ്ക് ഫോഴ്സിനും കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുവാൻ വേണ്ടിയുള്ള സാന്ത്വനം സ്വിഫ്റ്റ് മാർട്ടിനും അദ്ദേഹം രൂപം നല്കി. ഗായകനും ഗാ




നരചിതവുമായ ബഹു. ജോയ് അച്ചൻ ഭക്തിഗാന കാസറ്റുകളും പുറത്തിറക്കിയിട്ടുണ്ട്.
ബേബി, ജെസ്സി, സി.ലത ലൂവീസ് എഇഇ, ജോസ്, ജോണി, സി.നിത ലൂവീസ് എഇഇ, ലിനി എന്നിവർ സഹോദരങ്ങളാണ്.

ദീർഘവീക്ഷണവും കൂർമ്മബുദ്ധിയും സ്വതസിദ്ധമായിട്ടുള്ള ജോയ് അച്ചൻ അതിരൂപതയുടെ വളർച്ചയ്ക്കും നന്മയ്ക്കും വേണ്ടി ഏറെ അദ്ധ്വാനിക്കുകയും ത്യാഗപൂർവ്വമായ സേവനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട് എന്നത് അതിരൂപത ഏറെ നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

ഒരു വ്യക്തി തന്റെ മനുഷ്യായുസ്സ് കൊണ്ട് പൂർത്തീകരിക്കേണ്ട കർമ്മങ്ങൾ തന്റെ 57 വർഷത്തെ ചുരുങ്ങിയ ജീവിത കാലഘട്ടത്തിൽ പൂർത്തീകരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുകയും ചെയ്ത ബഹു.ജോയ് മൂക്കനച്ചൻ, തന്റെ പൗരോഹിത്യജീവിതത്തിന്റെ നല്ല സമയത്ത്, രോഗം ക്ലേശിപ്പിച്ചപ്പോഴും ദൈവകരുണയിലും ദൈവപരിപാലനയിലും ആശ്രയിച്ച് തന്റെ ജീവിതം മുന്നോട്ട് നയിക്കുകയായിരുന്നു. തന്റെ രോഗാവസ്ഥയെ ശാന്തതയോടും ക്ഷമയോടും സ്വീകരിച്ച് ശുഭാപ്തി വിശ്വാസത്തോടെയും ആത്മബലത്തോലും അതിജീവിച്ച ബഹു. ജോയ് അച്ചൻ ഇന്ന് സ്വർഗീയഭവനത്തിലേക്ക് യാത്രയാകുമ്പോൾ, ഈ വി.കുർബാനയിലും മൃതസംസ്കാര ശുശ്രൂഷകളിലും പങ്കുചേർന്ന് ബഹു.ജോയ് അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ❍



KCBC പ്രൊഫഷണൽ നാടകമേളയിൽ 2025 സെപ്റ്റംബർ 20 ന് അവതരിപ്പിക്കുന്നു



KCBC പ്രൊഫഷണൽ നാടകമേളയിൽ 2025 സെപ്റ്റംബർ 21 ന് അവതരിപ്പിക്കുന്നു



KCBC പ്രൊഫഷണൽ നാടകമേളയിൽ 2025 സെപ്റ്റംബർ 23 ന് അവതരിപ്പിക്കുന്നു



KCBC പ്രൊഫഷണൽ നാടകമേളയിൽ 2025 സെപ്റ്റംബർ 25 ന് അവതരിപ്പിക്കുന്നു



KCBC പ്രൊഫഷണൽ നാടകമേളയിൽ 2025 സെപ്റ്റംബർ 27 ന് അവതരിപ്പിക്കുന്നു





വാർത്തയും ചിന്തയും

# തൊഴിൽ തേടുന്നവരും നാട് വിട്ടോടുന്നവരും...

**ആന്റണി ചടയംമുറി**

**വാർത്ത**

കേരളത്തിലെ മൊത്തത്തിലുള്ള തൊഴിലില്ലായ്മ 8 .1 %. ദേശീയ തൊഴിലില്ലായ്മ നിരക്ക് 5.4 ശതമാനം. 2021-ലെ പ്രകടന പത്രികയിൽ 20 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്നു പ്രഖ്യാപിച്ച ഇടതുപക്ഷത്തിന് ആ ലക്ഷ്യം നേടാനായില്ല. സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളിൽ പാർട്ടി വെട്ടിയൊരുക്കിയ പിൻവാതിലിലൂടെ നിയമനങ്ങൾ തകൃതിയിൽ നടന്നുവരുന്നുണ്ട്. മാധ്യമങ്ങൾ വലിയ വായിൽ നിലവിളിച്ചിട്ടും ഇടതല്ലാത്ത യുവജന പ്രസ്ഥാനങ്ങൾ ഇതിനെതിരെ ശക്തമായി പ്രതികരിച്ചിട്ടും ഈ പ്രവണത തുടരുകയാണ്.

കേരളത്തിലെ യുവജനങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ പ്ലസ് ടൂ കഴിഞ്ഞാൽ തന്നെ വിദേശത്തേയ്ക്ക് പറക്കുകയാണ്. പഠനത്തോടൊപ്പം ജോലിയെന്ന ഓഫറിനു പിന്നാലെ പായാൻ അവർക്ക് അമ്പരപ്പൊന്നുമില്ല. തൊഴിലവസരങ്ങൾ ചില രാജ്യങ്ങളുടെ പേര് പോലും റിക്രൂട്ടിംഗ് ഏജൻസി പറയുമ്പോഴാണ് മലയാളികളിൽ പലരും അറിയുന്നതു തന്നെ. ഇതിനിടെ 49 ഇനം തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുമെന്ന് പ്രകടന പത്രികയിൽ ഇടതുപക്ഷം പ്രഖ്യാപിച്ചതും പാഴായി.

കേരളത്തിലെ തൊഴിൽ രഹിതരിൽ 18045 ഡോക്ടർമാർ, 72,446 എഞ്ചിനീയർമാർ തുടങ്ങിയവരുമുണ്ട്. 2023 ജനുവരി മുതൽ 2024 ജൂലൈ 31 വരെയുള്ള കണക്കാണിത്. പുതിയ കണക്ക് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിലുള്ള ഡോക്ടർമാരുടെയും ജനങ്ങളുടെയും അനുപാത കണക്ക് കൂടി പറയാം : മലപ്പുറമാണ് ഒന്നാമതുള്ളത്. അവിടെ 7437 പേർക്ക് ഒറ്റ ഡോക്ടറേയുള്ളൂ. അപ്പോൾ നിയമിക്കാൻ തസ്തികയുണ്ട്. ഭരിക്കുന്നവർ സന്നദ്ധരല്ലെന്നു മാത്രം. ഇതിനു കാരണങ്ങളേറെയുണ്ടാകാം. അതുകൊണ്ട് എന്തു കാര്യം? നിയമനങ്ങൾ നടക്കേണ്ടേ?

**ചിന്ത**

തൊഴിൽ നഷ്ടം സമ്പദ് വ്യവസ്ഥയിൽ നിഷേധാത്മകമായ സ്വാധീനം ചെലുത്തും.

**-ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി, പേജ് 106)**

THE SYRO-MALANKARA CATHOLIC CHURCH
THAT ALL MAY BE ONE

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

"പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ
അവരും ഒന്നായിരിക്കുന്നതിന് അങ്ങ്
എനിക്ക് തന്ന മഹത്വം അവർക്ക് ഞാൻ
നൽകിയിരിക്കുന്നു." (യോഹ. 17:22)

മലങ്കര സുറിയാനി കത്തോലിക്കാ സഭ
95-ാം പുനരൈക്യ വാർഷികാഘോഷവും സഭാ സംഗമവും
Dominus Meus Deus Meus
പത്തനംതിട്ട രൂപത
2025 സെപ്റ്റംബർ 16 - 20
മാർ ഈവാനിയോസ് നഗർ
(ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ, അടൂർ)



## 95-ാം പുനരൈക്യ വാർഷികവും

## മലങ്കര സുറിയാനി കത്തോലിക്കാ സഭാസംഗമവും

**2025 സെപ്റ്റംബർ 16 – 20**

**മാർ ഈവാനിയോസ് നഗർ**

**(ഓൾ സെയിന്റ്സ് പബ്ലിക് സ്കൂൾ, അടൂർ)**

VATHICAN THARANGAM
RN 55178/94
Total Pages 44 Date of Publication 31-08-2025

ചരിത്രപ്രസിദ്ധ

ദേശീയ മരിയൻ തീർത്ഥാടനകേന്ദ്രമായ

വല്ലാർപാടം ബസിലിക്കയിൽ

# പരിശുദ്ധ വല്ലാർപാടത്തമ്മയുടെ 501–ാം തിരുനാൾ

2025 സെപ്തംബർ 16 മുതൽ 24 വരെ എട്ടാമിടം സെപ്തംബർ 30, ഒക്ടോബർ 1



അനുഗ്രഹീത സാന്നിദ്ധ്യം





ഫാ. ജെറോം ചമ്മിണിക്കോടത്ത്
(റെക്ടർ & വികാരി)



ആന്റണി ഗൊൺസാൽവസ്
(പ്രസുദേന്തി)

പരിശുദ്ധ വല്ലാർപാടത്തമ്മയുടെ പ്രിയ ഭക്തരെ,

വല്ലാർപാടത്തമ്മയുടെ തിരുനാൾ സെപ്തംബർ 16–ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 5.30ന് മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ് കൊടി കയറ്റുന്നതോടെ ആരംഭിക്കുന്നു. തിരുനാൾ ദിനമായ 24–ാം തിയ്യതി ബുധനാഴ്ച രാവിലെ 10 മണിക്ക് അർപ്പിക്കുന്ന ദിവ്യബലിയിൽ മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഈ പുണ്യദിനങ്ങൾ അനുഗ്രഹ നിറവുകളാക്കി മാറ്റുവാൻ എല്ലാവരെയും വല്ലാർപാടത്തമ്മയുടെ സന്നിധിയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം,

ഫാ. ജെറോം ചമ്മിണിക്കോടത്ത് (റെക്ടർ & വികാരി)
ഫാ. ആന്റണി ഷൈൻ കാട്ടുപറമ്പിൽ
ഫാ. ജിബു വർഗ്ഗീസ് തൈത്തറ
ഫാ. മിക്സൻ റാഫേൽ പുത്തൻപറമ്പിൽ
ഫാ. ഷിബു ജോൺ ചാത്തനാട്ട്
ശ്രീ. ആന്റണി ഗൊൺസാൽവസ് (പ്രസുദേന്തി)

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.